## അല്ലാഹുവിന്റെ വചനം

قُلۡ اَتَعۡبُدُوۡنَ مِنۡ دُوۡنِ اللّٰہِ مَا لَا یَمۡلِکُ لَکُمۡ ضَرًّا وَّ لَا نَفۡعًا ؕ وَ اللّٰہُ ہُوَ السَّمِیۡعُ الۡعَلِیۡمُ ○

(المائدہ 77)

‘പറയുക! നിങ്ങൾക്ക് വല്ല ഉപദ്രവമോ ഉപകാരമോ ചെയ്യാൻ കഴിവില്ലാത്തയെ നിങ്ങൾ ആരാധിക്കുകയാണോ? അല്ലാഹു തന്നെയാണ് എല്ലാ കേൾക്കുന്നവനും എല്ലാം അറിയുന്നവനും.’ (5:77)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّ اَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 6

ലക്കം 36

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 സെപ്റ്റംബർ 09/ഹി.ശം. 1400 തബൂക് 09/1443 സ്വഫർ 01


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### പിശുക്കിന്റെ വിരോധവും ദാനധർമങ്ങളുടെ പ്രോത്സാഹനവും

(1427) ഹദ്റത്ത് ഹക്കീം ബിൻ ഹസാം(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:'മേലെ കൈയാണ് താഴെ കൈയെക്കാൾ ഉത്തമം. ആദ്യമായി നിന്റെ പരിപാലനത്തിൻ കീഴിലുള്ളവർക്ക് നീ ദാനം ചെയ്യുക.മനഃസംതൃപ്തിയോടുകൂടി നല്കുന്ന ധനമാണ് ഏറ്റവും ഉത്തമം. വല്ലവരും അന്യരോടു ധനസഹായം ആവശ്യപ്പെടാതെ അകന്നു നിന്നാൽ അല്ലാഹു അവനെ ഐശ്വര്യവാനാക്കും. വല്ലവനും പരാശ്രയരഹിതനായി ജീവിക്കാനുദ്ദേശിച്ചാൽ അല്ലാഹു അവനെ പരാശ്രയരഹിതനാക്കും.’

(1431) ഇബ്നു അബ്ബാസ്(റ) നിവേദനം. നബി(സ)തിരുമേനി ചെറിയ പെരുന്നാൾ ദിവസം രണ്ട് റക്അത്ത് നമസ്കരിച്ചു. അതിന്റെ മുമ്പേയും അതിന്റെ പിമ്പേയും അവിടന്ന് സുന്നത്ത് നമസ്കിരച്ചില്ല.ശേഷം സ്ത്രീകളുടെ അടുത്തുവന്ന ധർമം ചെയ്യാൻ അവരോടു നിർദേശിച്ചു. നബി(സ)തിരുമേനിയുടെ കൂടെ ഹദ്റത്ത് ബിലാലും ഉണ്ടായിരുന്നു. സ്ത്രീകൾ അവരുടെ സ്വർണം കൊണ്ടും വെള്ളികൊണ്ടും നിർമിക്കപ്പെട്ട കർണാഭരണങ്ങളും മാലകളും അതിൽ ഇടാൻ തുടങ്ങി.

(1433) അസ്മാഅ്(റ) നിവേദനം. അവർ പറഞ്ഞു: നബി(സ)തിരുമേനി എന്നോടു പറഞ്ഞു: കെട്ടി വെക്കരുത്. (തുറന്നുവെക്കുക). ഇല്ലെങ്കിൽ നിനക്കും തടയപ്പെടുന്നതായിരിക്കും.

• ഹദ്റത്ത് ഉഥ്മാൻ ബിൻ അബീ ശെയ്ബ അബ്ദഹുവിൽനിന്ന് നിവേദനം ചെയ്തു കൊണ്ട് ഇതേ ഹദീഥ് ഞങ്ങളോടു പറഞ്ഞു. ഈ വാക്കുകൾ പറഞ്ഞു: ‘എണ്ണിത്തിട്ടപ്പെടുത്തി ഇരിക്കരുത്. അങ്ങനെയായാൽ അല്ലാഹുവും നിനക്ക് എണ്ണിയെണ്ണിയായിരിക്കും തരിക.’ *(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുസ്സക്കാത്ത്' 2008 ഖാദിയാൻ പ്രസിദ്ധീകരണം)*


AHMADIPEDIA ahmadipedia.org Search


### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 06-8-2021 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട്


**കുഞ്ഞ് നിലവിളിക്കുകയും അസ്വസ്ഥത പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ മാതാവ് എത്രകണ്ട് അസ്വസ്ഥയായിട്ടാണ് അതിന് പാലു കൊടുക്കുന്നത്. അല്ലാഹുവിന്റെ കൃപയുടേയും ഉദാരതയുടേയും പാലും ഒരു നിലവിളി ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ട് അവന്റെ തിരുസന്നിധിയിൽ കരയുന്ന കണ്ണുകൾ സമർപ്പിക്കേണ്ടതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### നമസ്കാരത്തിന്റെ യഥാർഥ ഉദ്ദേശ്യവും സത്തും ദുആയാണ്

യഥാർഥ ഉദ്ദേശ്യവും സത്തും നമസ്കാരത്തിന്റേത് ദുആ തന്നയാണ്. ദുആ അല്ലാഹുവിന്റെ പ്രകൃതിനിയമമനുസരിച്ചുള്ളതാണ്. പൊതുവായി നമ്മൾ കാണുന്നത് നോക്കുക, കുഞ്ഞ് നിലവിളിക്കുകയും അസ്വസ്ഥത പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ മാതാവ് എത്രകണ്ട് അസ്വസ്ഥയായിട്ടാണ് അതിന് പാലു കൊടുക്കുന്നത്. ദൈവത്വവും ദാസത്വവും തമ്മിൽ ഇത്തരത്തിലൊരു ബന്ധമാണുള്ളത്. അതിനെ എല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കുകയില്ല. മനുഷ്യൻ അല്ലാഹുവിന്റെ വാതിൽക്കൽ അങ്ങേയറ്റം ഭക്തിവിനയാദി നമ്രഭാവത്തോടെ വീഴുകയും തന്റെ അവസ്ഥകൾ അവതരിപ്പിക്കുകയും അവനോടു തന്റെ ആവശ്യങ്ങൾ ചോദിക്കുകയും ചെയ്യുമ്പോൾ ദൈവത്വത്തിന്റെ ഉദാരത ആവേശത്തിൽ വരികയും അവനിൽ കരുണ ചെയ്യപ്പെടുകയും ചെയ്യുന്നു.

### നിലവിളി

അല്ലാഹുവിന്റെ കൃപയുടേയും ഉദാരതയുടേയും പാലും ഒരു നിലവിളി ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ട് അവന്റെ തിരുസന്നിധിയിൽ കരയുന്ന കണ്ണുകൾ സമർപ്പിക്കേണ്ടതാണ്. അല്ലാഹുവിന്റെ തിരുസന്നിധാനത്തിൽ കരയുന്നതുകൊണ്ടും നിലവിളിക്കുന്നതുകൊണ്ടും ഒന്നും കിട്ടാൻപോകുന്നില്ലെന്ന ധാരണ തെറ്റും നിരർഥവുമാണ്. അത്തരമാളുകൾ അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ സ്വാഭാവികമായ ഗുണങ്ങളിലും നിയന്ത്രണങ്ങളിലും വിശ്വസിക്കുന്നവരല്ല. അവർ യഥാർഥ ഈമാൻ ഉണ്ടാക്കിയിരുന്നെങ്കിൽ ഇങ്ങനെയൊരിക്കലും പറയുമായിരുന്നില്ല. അല്ലാഹുവിന്റെ തിരുസന്നിധിയിൽ വരികയും സത്യസന്ധമായ പശ്ചാത്താപത്തോടുകൂടി മാനസാന്തരപ്പെടുകയും ചെയ്യുന്നവന്റെമേൽ അല്ലാഹു തന്റെ കൃപചൊരിഞ്ഞു. ആരോ പറഞ്ഞതാണിത്, അത് സത്യമാണ്:

**ആശിഖ് കെഃ ശുദ് കെഃ യാരേ ബഹാലിശ് നള്ർ നഃ കർദ്**
**ഏ ഖ്വാജ ദർദ് നീസ്ത് വഗർനഃ ത്വബീബ് ഹസ്ത്**

പ്രേമഭാജനമാക്കിക്കൊണ്ട് പ്രേമപാത്രത്തിന്റ അവസ്ഥയിൽ ശ്രദ്ധിക്കാത്ത പ്രേമി ആരാണുള്ളത്? ഹദ്റത്ത് ദർദ് മാത്രമല്ല വേറേയും ചികിത്സകരുണ്ട്.

അല്ലാഹു ആഗ്രഹിക്കുന്നത് നിങ്ങൾ അവന്റെ തിരുസന്നിധിയിൽ പരിശുദ്ധ മനസ്സുമായി വരണമെന്നാണ്. അതിനുള്ള നിബന്ധന ഇത്രമാത്രം!അവനു ചേർന്ന വിധം നിങ്ങളെ ആക്കിത്തീർക്കുകയും സത്യസന്ധമായ മാറ്റം ഉണ്ടാക്കുകയും ചെയ്യുക. അത്ഭുതത്തിനുമേൽ അത്ഭുതകരമായ ശക്തിപ്രഭാവങ്ങളാണ് അല്ലാഹുവിലുള്ളത്. അവനിൽ അതിരില്ലാത്ത ഫള്ലും ബർക്കത്തുകളുമുണ്ട്. എന്നാൽ, അവ കാണുന്നതിനും പ്രാപിക്കുന്നതിനും സ്നേഹത്തിന്റെ കണ്ണുകൾ ഉണ്ടാക്കുക. സത്യസന്ധമായ സ്നേഹമാണെങ്കിൽ അല്ലാഹു ദുആകൾ ധാരാളമായി കേൾക്കുന്നവനാണ്. സഹായിക്കുകയും ചെയ്യുന്നു. പക്ഷേ, നിബന്ധന സ്നേഹവും ആത്മാർഥതയും അല്ലാഹുവിനോടുണ്ടാകുക എന്നതാണ്. (മൽഫൂദാത്ത്, വാല്യം 1, പേജ് 320, ഖാദിയാൻ പ്രസിദ്ധീകരണം 2018)

**പൊതുവെ ആളുകൾ മനസ്സിലാക്കിയിട്ടുള്ളത് ഇൽഹാമുണ്ടായാൽ തങ്ങൾ എന്തോ വലിയ ആളുകളായെന്നാണ്. ഇൽഹാമിനെ മാത്രം മാത്രമല്ല നോക്കുന്നത്. മറിച്ച് ആ ഇൽഹാമിൽ അല്ലാഹുവിൽനിന്ന് സ്നേഹത്തിന്റെ എന്ത് പ്രകടനമാണുണ്ടാകുന്നതെന്ന് നോക്കുന്നതായിരിക്കും. അല്ലെങ്കിൽ ആ ദാസന്റെ മാഹാത്മ്യത്തിന്റെ പ്രകടനത്തിന്റെ എന്തെങ്കിലും ചിത്രമുണ്ടോ എന്ന് നോക്കുന്നതായിരിക്കും.**

സൂറത്തുൽ ഹിജ്റിന്റെ 9-ാം വചനമായ, **മാ നുനസ്സിലുൽ മലാഇക്കത്ത ഇല്ലാ ബിൽഹഖ്ഖി വമാ കാനൂ ഇദ്ൻമ്മുൻള്വരീൻ** “(അവർക്കറിയുകയില്ലേ) നാം മലക്കുകളെ(ഇറക്കുമ്പോഴെല്ലാം) സത്യമനസരിച്ചാണ് ഇറക്കുന്നത്. (അവിശ്വാസികൾക്കുവേണ്ടി ഇറക്കുമ്പോൾ) ആ നേരത്ത് അവർക്ക് അല്പം പോലും നീട്ടികൊടുക്കുകയില്ല” എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ)പറയുന്നു: ‘ഹഖ്’ എന്നതിന്റെ അർഥം മുമ്പേ പറഞ്ഞു കഴിഞ്ഞതാണ്. ഇവിടെ ഒന്നുകിൽ അതിന്റെ അർഥം സത്യവചനമെന്നാണ്. ഉദ്ദേശ്യമിതാണ്, മലക്കുകൾ ദൈവവചനത്തോടുകൂടിയാണ് ഇറങ്ങാറുള്ളത്. എന്നാൽ, നിങ്ങളുടെമേൽ മലക്കുകളിറങ്ങാൻ നിങ്ങൾ ദൈവദൂതന്മാരല്ല. നിങ്ങളെ ദൈവവചനംകൊണ്ട് വിഭൂഷിതരാക്കാൻ നിങ്ങൾ യോഗ്യരുമല്ല. അല്ലെങ്കിൽ ഇവിടെ ‘ഹഖ്’ എന്നതിന്റെ അർഥം ഇസ്തിഹ്ഖാഖി(അർഹിക്കൽ)ന്റേതാണ്. അതായത് ഒരാൾക്ക് അർഹതപ്പെട്ടതനുസരിച്ച് മലക്കുകൾ ഇറങ്ങുന്നു; അല്ലാഹുവിന്റെ നബിമാരുടേയും മുഅ്മിനീങ്ങളുടേയും മേൽ അവരുടെ അവകാശമനുസരിച്ച്. റഹ്മത്തിന്റെ മലക്കുകളാണ് മുഹമ്മദു റസൂലുല്ലായുടെമേൽ ഇറങ്ങുന്ന മലക്കുകൾ. ആ മലക്കുകളെ മുഹമ്മദു റസൂലുല്ലായ്ക്കുമാത്രമെ കാണാൻ കഴിയുകയുള്ളു. അല്ലാഹുവിന്റെ കോപം പിടിച്ചുവാങ്ങുന്നവർ അവരെ എങ്ങനെ കാണാനാണ്. അവരുടെമേൽ മലക്കുകൾ ഇറങ്ങുമ്പോഴെല്ലാം കോപാകുലരായിട്ടാണ് ഇറങ്ങുന്നത്. മലക്കുകളെ കാണുന്നത് ആ നേരത്ത് അവർക്ക് പ്രയോജനം ചെയ്യുകയില്ല. കാരണം അവർ അവരെ നശിപ്പിക്കുന്നതിനുവേണ്ടിയാണ് വരുന്നത്. അവർ വന്നതിനുശേഷം ‘അയ്മത്തുൽകുഫ്റി’ന് അഥവാ കുഫ്റിന്റെ നേതാക്കൾക്ക് അവധി കിട്ടുകയില്ല. അങ്ങനെ ബദ്റിന്റെ അവസരത്തിൽ ശിക്ഷ നല്കുന്ന ഈ മലക്കുകൾ വന്നു. ചില അവിശ്വാസികൾക്ക് ജാഗ്രദർശനത്തിലൂടെ അവരെ കാണാനും കഴിഞ്ഞു, എന്നാൽ, ആ നേരം അവരുടെ നാശത്തിന്റേതായിരുന്നു. അതിൽനിന്ന് അവരെന്തു ഫലമെടുക്കാനായിരുന്നു. ഇവിടെ വലി


ശേഷം പേജ് 12 ൽ



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

പ്രത്യുത എന്റെ പ്രകൃതിയുടേയും സ്വഭാവത്തിന്റേയും തേട്ടംതന്നെ ഇതാണ്. അല്ലാഹുവിനുവേണ്ടി ജോലി ചെയ്യുക. എന്തുകാര്യമുണ്ടെങ്കിലും അല്ലാഹുവിനുവേണ്ടിയായിരിക്കുക. - *ഹദ്റത്ത് മസീഹ് മൗഊദ്(അ)*

**2021 യു.കെ. ജൽസാസാലാനയുടെ അവസരത്തിൽ അതിഥികളും ആതിഥേയരും തങ്ങളുടെ നിർബന്ധ കടമകൾ നിറവേറ്റേണ്ടതിനെക്കുറിച്ചും അപ്രകാരംതന്നെ ചില സംഘടനാപരമായ കാര്യങ്ങളെ കുറിച്ചുമുള്ള സുവർണോപദേശം**

ഇസ്‌ലാമിന്റെ മനോഹരമായ ചിത്രം നമ്മുടെ മുമ്പിൽവരുന്നതിനും അതു നമ്മൾ ലോകത്തിന്റെ മുമ്പിൽ സമർപിക്കുന്നതിനുംവേണ്ടി ഇക്കാലഘട്ടത്തിൽ ഹ്ദറത്ത് മസീഹ് മൗഊദ്(അ)തന്നെയാണ് ഇസ്‌ലാമിന്റെ ഉന്നതമായ ധാർമികഗുണങ്ങൾ സ്ഥാപിക്കേണ്ടിയിരുന്നത്.

**നബി(സ)തിരുമേനി ഒരു മുഅ്മിന്റെ അടയാളമായി പറഞ്ഞിരിക്കുന്നത് അവൻ അതിഥികളെ ആദരിക്കുന്നുവെന്നാണ്.**

ആതിഥേയൻ അതിഥിയെ ആദരിക്കണമെന്ന് പറഞ്ഞിടത്ത് ഇസ്‌ലാം അതിഥികളോടും അതിഥി എന്ന നിലയിൽ നിങ്ങളിൽ കുറച്ച് ഉത്തരവാദിത്വമുണ്ടെന്നും പറഞ്ഞിട്ടുള്ള കാര്യം അതിഥിയും എപ്പോഴും ഓർക്കേണ്ടതാണ്.

ആർക്കാണോ ക്ഷണവും അനുമതിപത്രവും ലഭിച്ചിട്ടുള്ളത് അവർ അതിയായ നിർബന്ധിതാവസ്ഥ ഇല്ലെങ്കിൽ തീർച്ചയായും ജൽസയിൽ പങ്കെടുക്കേണ്ടതാണ്. ഇല്ലെങ്കിൽ അനുമതി പത്രം നല്കപ്പെട്ടിട്ടില്ലാത്തവരുടെ അവകാശം ധ്വംസിക്കപ്പെടുകയാണ് ചെയ്യുന്നത്. കാലാവസ്ഥ മോശമാകുന്നതിനെ ഒഴികഴിവാക്കരുത്.

ദീർഘമായ കാലത്തിനുശേഷമുള്ള കൂടിച്ചേരൽ നിങ്ങളെ ജൽസാപ്രോഗ്രാം കേൾക്കുന്നതിന് തടസമാക്കരുത്. അല്ലെങ്കിൽ ദുആകളിലേക്ക് ശ്രദ്ധിക്കുന്നതിന് തടസമാകരുത്. ജൽസയിൽ വന്ന സ്ഥിതിക്ക് അതിൽനിന്ന് പൂർണമായും ഫലമെടുക്കുക.

ഈ ദിനങ്ങളിൽ ദിക്റെ ഇലാഹി അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കൂടുതൽ വലിച്ചെടുക്കാനുള്ള മാർഗമായിത്തീരുന്നു. അതുകൊണ്ട് ഈ ദിനങ്ങളിൽ ദൈവസ്മരണയിൽ കൂടുതൽ ഊന്നൽ നല്കുക. ലോകത്ത് വ്യാപിച്ചിട്ടുള്ള അഹ്മദികൾ എവിടെയാണോ ഒരുമിച്ചു കൂടിയിരുന്ന ജൽസാ കേൾക്കുന്നത് അല്ലെങ്കിൽ വീടുകളിൽ വീട്ടുകാരോടൊപ്പം ഒന്നിച്ചിരുന്ന ജൽസാ കേൾക്കുന്നത് അവരും ദിക്റെ ഇലാഹിയിൽ ശക്തി ചെലുത്തുക; കൂടുതൽ കൂടുതൽ നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വലിച്ചെടുക്കുന്നവരും നമ്മുടെ ആത്മീയാവസ്ഥ കൂടുതൽ മെച്ചപ്പെടുത്തുന്നവരും ലോകത്തിലെ വിപത്തുകളിൽനിന്നും അല്ലാഹുവിന്റെ ഫള്ലിനെ ആകർഷിച്ചെടുത്ത് രക്ഷപ്പെടുന്നവരുമാകുന്നതിനുവേണ്ടി.

**ഖുത്ബ ജുമുഅ 2021 ആഗസ്റ്റ് 06/1400 ളുഹൂർ 06, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഇന്ന് ഇൻശാ അല്ലാഹ് ജൽസാസാലാന യു.കെ തുടങ്ങുകയാണ്. ആദ്യമായി ഞാൻ പറയാനാഗ്രഹിക്കുന്നത് എല്ലാവരും ഈ ജൽസാ എല്ലാ നിലയ്ക്കും അനുഗൃഹീതമായിത്തീരാൻ ദുആ ചെയ്യണമെന്നാണ്. അല്ലാഹു ഈ ദിനങ്ങളിൽ പരിശുദ്ധമായൊരു ദീനി അന്തരീക്ഷം ഉണ്ടാക്കുമാറാകട്ടെ. ഇതിൽ പങ്കെടുക്കുന്നവരുടെ മനസ്സുകളിൽ നന്മകളും ഈശ്വരഭക്തിയും വർധിപ്പിക്കുമാറാകട്ടെ. കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇത്തവണ ഹാജർ നിലവാരം വളരെ പരിമിതപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ, എനിക്ക് റിപ്പോർട്ട് ലഭിച്ചിരിക്കുന്നത് വീടുകളിലും അതുപോലെ ജമാഅത്തിയായ നിലയിലും ജൽസാ കാണാനും ശ്രവിക്കാനുമുള്ള സൗകര്യം വിപുലമായ രീതിയിൽ നടത്തിയിട്ടുണ്ടെന്നാണ്. മസ്ജിദുകളിലും അതുപോലെ ഹാളുകൾ ലഭ്യമായ സ്ഥലങ്ങളിലും ഔദ്യോഗികമായ നിലയിൽത്തന്നെ സൗകര്യമൊരുക്കിയിട്ടുണ്ട്. എന്തായാലും ഈ ജൽസയിൽ ഇപ്രകാരം പങ്കെടുക്കുന്നവരും തങ്ങൾ ജൽസാഗാഹിലാണുള്ളതെന്ന ചിന്താഗതി വെച്ചു പുലർത്തി ജൽസയിൽ പങ്കെടുക്കുകയും മൂന്നു ദിവസത്തേയും പരിപാടികൾ സശ്രദ്ധം കേൾക്കുകയും ദുആയിൽ വ്യാപൃതരാകുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ഈ വർഷത്തെ ജൽസാ സജ്ജീകരണങ്ങൾ ഇതിന്റെ സംഘാടകർക്കും ഒരു നവ്യമായ അനുഭവമാണ്. അതുപോലെതന്നെ പങ്കെടുക്കുന്നവർക്കും! അതിഥികൾക്ക് സൗകര്യമുണ്ടാക്കാൻ സംഘാടകർക്ക് മുമ്പേ ലഭിച്ചുകൊണ്ടിരുന്ന സംവിധാനങ്ങളും ഇത്തവണ ഉണ്ടായിട്ടില്ല. അതിനുള്ള ഏർപാടുണ്ടാകുമെന്ന ധാരണ ഉണ്ടായിരുന്നു. എന്നാൽ, അങ്ങനെ നടന്നില്ല. അതുകൊണ്ട് അതിഥികളും ജൽസയിൽ പങ്കെടുക്കുന്നവരും ഈ അവസ്ഥ കണക്കിലെടുത്തുകൊണ്ട് സംഘാടകരുടെ ഭാഗത്തുനിന്നുണ്ടാകുന്ന കുറവുകളോടു പൊരുത്തപ്പെടുകയും അതുപോലെ അല്ലാഹു വേഗം സ്ഥിതിഗതികൾ മെച്ചപ്പെടുത്താനും ജൽസ, പൂർവ പ്രതാപത്തോടെ വീണ്ടും നടക്കുവാനും ദുആകൾ ചെയ്യുകയും വേണം. ചിലർ പരാതിപ്പെടുന്നത് ചില നിബന്ധനകൾ മുന്നിൽവെച്ച് തങ്ങളെ ജൽസയിൽ പങ്കെടുപ്പിച്ചില്ലെന്നും അതുപോലെ ചില സ്ഥലങ്ങളിൽ ജൽസയ്ക്ക് പങ്കെടുക്കുന്നവരെ തിരഞ്ഞെടുത്ത രീതി ശരിയായില്ലെന്നുമാണ്. എന്തായാലും സംഘാടകരും ഇക്കാര്യത്തിൽ തങ്ങളുടെ ഒഴികഴിവുകൾ പ്രകടിപ്പിക്കുന്നുണ്ട്. ചില പ്രാദേശിക ജമാഅത്തുകളിലെ സംഘാടകരും ഒഴികഴിവ് അവതരിപ്പിക്കുന്നുണ്ട്. ഈ ഒഴികഴിവ് തെറ്റോശരിയോ എന്തുമാകട്ടെ അക്കാര്യം മാറ്റിനിറുത്തി എനിക്ക് ജമാഅത്തംഗങ്ങളോടു പറയാനുള്ളത് വിട്ടുവീഴ്ചാമനോഭാവം കാണിക്കാനാണ്. ഇത്തവണത്തേത് പുതിയ അനുഭവമായ കാരത്താൽ ചില അബദ്ധങ്ങൾ പിണഞ്ഞതാകാം, അതുകൊണ്ട് ക്ഷമിക്കുക. മനസ്സിൽ ഒരു വിദ്വേഷവും വെറുപ്പും വെച്ചുപുലർത്തരുത്.

ഇനി ഞാൻ ജൽസയും അതിഥി സൽക്കാരവും സംബന്ധിച്ച ചില കാര്യങ്ങൾ പറയുന്നതാണ്. സാധാരണ സ്ഥിതിയിൽ ജൽസാ സമയത്തുള്ള ഖുത്ബയിൽ ഞാൻ അതിഥികളെ അവരുടെ കടമകളെക്കുറിച്ച് ഓർമപ്പെടുത്താറുണ്ട്. അതുപോലെ ചില സംഘടനാപരമായ കാര്യങ്ങളും പറയാറുണ്ട്. അങ്ങനെതന്നെ ജൽസയ്ക്ക് മുന്നോടിയായുള്ള ഖുത്ബയിൽ ആതിഥേയരുടേയും ഡ്യൂട്ടികൾ നല്കുന്നവരുടേയും ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധമായുള്ള ചില കാര്യങ്ങളും ഞാൻ പറഞ്ഞുവരുന്നതാണ്. എന്നാൽ, ഇത്തവണ മുൻ ഖുത്ബയിൽ ഡ്യൂട്ടിനല്കുന്നവരുടെ ഉത്തരവാദിത്വത്തെ കുറിച്ച് ഒന്നും പറയാത്തതിനാൽ രണ്ടു കൂട്ടരോടുമായി ചില കാര്യങ്ങൾ ഇവിടെ പറയുന്നതാണ്.

ആദ്യമായി ആതിഥേയരോടും ഡ്യൂട്ടി നല്കുന്നവരോടും പറയാനാഗ്രഹിക്കുന്നത് നിലവിലെ സാഹചര്യം മുൻനിറുത്തി അതിഥി സൽക്കാരത്തിൽ ഒരു വീഴ്ചയും വരുത്താതിരിക്കണമെന്നാണ്. രാജ്യത്തിനു പുറത്തുനിന്നു സാധാരണ വരാറുള്ള ആറായിരം ഏഴായിരമാളുകൾ ഇത്തവണ വരുന്നില്ല. രാജ്യത്തിനുള്ളിൽനിന്നുതന്നെ വിവിധ നഗരങ്ങളിൽനിന്ന് വരുന്ന അതിഥികളാണുണ്ടാകുക. അവരും താരതമ്യേന കുറവായിരിക്കും. അതുകൊണ്ട് ഇക്കാര്യം എളുപ്പമാണെന്നു കരുതി ദുർലഹമഃ നിലപാട് സ്വീകരിക്കരുത്. ഏതെങ്കിലും തരത്തിൽ ഏവിടെയെങ്കിലും കുറവുവന്നാൽ സമീപപ്രദേശത്തുള്ളവരും ബന്ധമുള്ളവരുമായ അതിഥികൾക്കാണ് കൂടുതൽ പരാതി ഉണ്ടാകുക. അതുകൊണ്ട് വളരെ സൂക്ഷിച്ചും ശ്രദ്ധിച്ചും ഓരോ അതിഥിയ്ക്കും ആതിഥ്യം നല്കുക. ഒരു തരത്തിലുള്ള കുറവും ഉണ്ടാകാൻ പാടില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബ്രിട്ടണിലെ ജൽസാസാലാനയിൽ സേവനം അനുഷ്ഠിക്കുന്നവർ ഞാൻ ഇന്നലെ ഡ്യൂട്ടിക്കാരുടെ ശിഖലരശേരീ വേളയിൽ പറഞ്ഞിരുന്നതുപോലെ എല്ലാ വിഭാഗത്തിലുള്ള പ്രവർത്തകരും, നാസിറാത്തിൽനിന്നുള്ളവരും ലജ്നയിൽ നിന്നുള്ളവരും അത്ഫാലിൽനിന്നുള്ളവരും ഖുദ്ദാമിൽനിന്നുള്ളവരും അൻസ്വാറിൽനിന്നുള്ളവരുമെല്ലാം തങ്ങളുടെ ഡ്യൂട്ടികളിലും തങ്ങളുടെ ജോലികളിലും വളരെ വിദഗ്ധരായികഴിഞ്ഞിരിക്കുന്നു. ജോലികൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരായിക്കഴിഞ്ഞിരിക്കുന്നു. പുതിയതായി വരുന്ന ആൺകുട്ടികളേയും പെൺകുട്ടികളേയും അവർ ജോലികൾ പഠിപ്പിക്കുന്നു. അതുകൊണ്ടു പണി അറിയുമോ എന്ന കാര്യത്തിൽ ആശങ്കയൊന്നുമില്ല. ജൽസയിലെ എല്ലാവകുപ്പുകളും അഗാധമായി നോക്കി ജോലിചെയ്യുന്ന ഉദ്യോഗസ്ഥരുണ്ട്. അവർക്ക് അങ്ങനെ ചെയ്യാൻ കഴിയും. എന്നാൽ, വിശ്വാസികളെ ഓർമപ്പെടുത്തിക്കൊണ്ടിരിക്കണം അത് അവർക്ക് ഗുണം ചെയ്യുമെന്നത് അല്ലാഹുവിന്റെ കല്പനയാണ്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഇത്തവണ ജൽസാസംവിധാനം വളരെ ചുരുങ്ങിയ നിലയിലായതുകൊണ്ട് ഹാജർ നിലവാരം കുറഞ്ഞജൽസ എന്ന നിലയ്ക്ക് അമിതമായ ആത്മവിശ്വസമുണ്ടായി തങ്ങൾക്ക് ഇതു അനായാസം നടത്താമെന്നു കരുതിയാൽ ചില കാര്യങ്ങളിൽ അനാസ്ഥ ഉണ്ടാകുകയും അതു പോരായ്മകൾക്കും പ്രശ്നങ്ങൾക്കും വഴി വെക്കുകയും ചെയ്തേക്കാം. അതുപോലെ പുതുതായി ഡ്യൂട്ടിയ്ക്കു ചേർന്നവർക്കും ഇതിൽനിന്ന് തെറ്റായ സന്ദേശവും ലഭിച്ചേക്കാം. അതുകൊണ്ട് അതിഥികളുടെ സുഖസൗകര്യത്തിനും പുതിയവർക്കുള്ള പാഠത്തിനുമായി പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. ഇപ്പോഴത്തെ സംവിധാനം അതു വിപുലമായ നിലയിലല്ലെങ്കിലും ഓരോ വകുപ്പുകളുടയും എല്ലാ പ്രവർത്തനങ്ങളും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. പ്രത്യേകിച്ച് ഇപ്പോൾ കാലാവസ്ഥ വളരെ മോശമാണ്. അതുകൊണ്ട് ചില വകുപ്പുകൾ വളരെയധികം ശ്രദ്ധാപൂർവം കാര്യങ്ങൾ ചെയ്യേണ്ടതായുണ്ട്.

ഡ്യൂട്ടിക്കാർ എപ്പോഴും അതിഥികൾ കുറഞ്ഞാലും കൂടിയാലും അവരെല്ലാവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണെന്ന കാര്യം വിസ്മരിക്കരുത്. നമ്മൾ അവരെ കഴിവിന്റെ പരമാവധി സേവിക്കേണ്ടതുണ്ട്. പ്രവാചകന്മാരുടേയും അവരുടെ സമുദായങ്ങളുടേയും സവിശേഷഗുണമായിരുന്നു അതിഥി സൽക്കാരം. അതുകൊണ്ട് ഒരു മതപരമായ ജമാഅത്തെന്ന നിലയിൽ നമ്മുടെ ഉള്ളിൽ ആതിഥ്യമര്യാദയുടെ വ്യതിരിക്തമായ ഗുണവിശേഷം ഉണ്ടാക്കുകയെന്നത് നമ്മുടെ നിർബന്ധ കടമയാണ്. ഈ ഗുണം വളരെ വ്യക്തമാക്കി കാണിക്കേണ്ടതുണ്ട്. നബി(സ)തിരുമേനിയുടെ കാലത്ത് അതിഥികളുടെ വരവേറിയപ്പോൾ സ്വഹാബത്തിന് അതിഥികളെ വീതിച്ചുകൊടുക്കുമായിരുന്നു. സ്വഹാബത്ത് വളരെ ആവേശത്തോടെ അവരെ തങ്ങളോടൊപ്പം കൊണ്ടുപോകുകയും ചെയ്തിരുന്നു. രാവിലെ അതിഥികളോടു നബി(സ)തിരുമേനി രാത്രി കഴിച്ചുകൂട്ടിയതിനേയും അവർക്കുലഭിച്ച അതിഥി സൽക്കാരത്തേയും കുറിച്ച് ചോദിക്കുമ്പോൾ എല്ലാവരുടേയും മറുപടി തങ്ങൾ ഇതുവരെ ഇതുപോലെ സേവിക്കുന്ന ആതിഥേയരെ കണ്ടിട്ടില്ലെന്നും അവർ തങ്ങളുടെ കടമകൾ തികവുറ്റനിലയിൽ നിറവേറ്റിയെന്നും പറയുമായിരുന്നു.*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 5, പേജ് 357, ഹദീഥ് 15644, പ്രസാധകർ ആലമുൽകുതുബ് ബെയറൂത്ത് 1998)* നബി(സ)തിരുമേനിയുടെ തർബിയ്യത്ത് അഥവാ ശിക്ഷണം നേടിയിരുന്നതിനാൽ സ്വഹാബത്ത് നമുക്കായി കാഴ്ചവെച്ച മാതൃക അതായിരുന്നു. ഇക്കാലത്ത് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദിനെ വിശ്വസിച്ചവരാണ്. ആ മഹാത്മാവ് നമ്മെ ഉപദേശിച്ചതും സ്വഹാബത്ത് കാഴ്ചവച്ച മാതൃക പിൻ പറ്റാനാണ്.

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തംഗങ്ങളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'എന്റെ സമ്പ്രദായമനുസരിച്ച് ഏതെങ്കിലും അതിഥി വരികയും വഴക്കും കലഹവുംവരെ കാര്യമെത്തുകയും ചെയ്താൽ അതായത് അതിഥി കഠിനമായ വാക്കുകൾ ഉപയോഗിക്കുകയും ദേഷ്യത്തോടെ പെരുമാറുകയും ചെയ്താൽ അയാളുടെ രീതി ശരിയല്ലെങ്കിൽത്തന്നെയും അതു സഹിക്കുക എന്നതാണ്.' *(മൽഫൂദാത്ത് വാള്യം 5, പേജ് 91)*

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)അന്യരായ അതിഥികളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളതെങ്കിലും അതിഥി ആരായാലും അഹ്മദിയാണെങ്കിൽപോലും ഒരു ആതിഥേയൻ ശ്രേഷ്ഠമായ സ്വഭാവം കാഴ്ച വെക്കേണ്ടതാണ്. പരുക്കൻ പെരുമാറ്റത്തിന് മറുപടി കർക്കശമായ പെരുമാറ്റമാകരുത്. സ്വന്തമാളുകളായാലും അന്യരായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അതിഥികളോടു അസാധാരണമായ നിലയിൽ പെരുമാറിയതായാണ് നമുക്കു കാണാൻ സാധിക്കുന്നത്. അത് അപ്രകാരം തന്നെയാണ് വേണ്ടതും. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിലൂടെയാണ് ഇസ്‌ലാമിന്റെ സുന്ദരമായ മുഖം ദൃശ്യമാവുന്ന ഉന്നതമായ സ്വഭാവഗുണങ്ങൾ സ്ഥാപിതമാകേണ്ടിയിരുന്നത്. അതിലൂടെ നമുക്കത് ലോകത്തിന് മുമ്പാകെ സമർപ്പിക്കാൻ സാധിക്കുന്നതാണ്. ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ)വിവരിക്കുന്നു: 'ഞാനൊരിക്കൽ ലാഹോറിൽ നിന്നു ഖാദിയാനിലേക്ക് വന്നു. എന്നെ ഹുദൂർ(അ) മസ്ജിദ് മുബാറക്കിൽ ഇരുത്തി. അന്ന് അത് ഒരു ചെറിയ സ്ഥലമായിരുന്നു. ഇന്നും അത് ചെറിയ മസ്ജിദാണ്. പക്ഷേ, അന്ന് വളരെ ചെറുതായിരുന്നു. ഒരു ചെറിയൊരു മുറിപോലെ! പിന്നീട് 'താങ്കൾ ഇരിക്കുക, ഞാൻ താങ്കൾക്ക് ഭക്ഷണം കൊണ്ടുവരാമെന്നു' പറഞ്ഞ് ഹുദൂർ(അ) അകത്തേക്ക് പോയി. മുഫ്തി സാഹിബ് പറയുന്നു: "ഏതെങ്കിലും ഭൃത്യന്റെ കൈയിൽ ഭക്ഷണം കൊടുത്തയക്കുമെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ, കുറച്ചു നിമിഷങ്ങൾക്കുശേഷം വാതിൽ തുറന്നപ്പോൾ ഞാൻ കാണുന്നതെന്താണ്! സ്വന്തം കൈകളിൽ എനിക്കുവേണ്ടിയുള്ള ഭക്ഷണം അവിടന്ന് കൊണ്ടു വന്നിരിക്കുകയാണ്. ഒരു ട്രേയിൽ ഭക്ഷണംവെച്ച് എനിക്കുവേണ്ടി ഭക്ഷണം കൊണ്ടു വന്നിരിക്കുന്നു. എന്നെ നോക്കിക്കൊണ്ട് പറഞ്ഞു: 'താങ്കൾ ഭക്ഷണം കഴിക്കുക, ഞാൻ വെള്ളം കൊണ്ടുവരാം.' ഇതു കണ്ട് അനിയന്ത്രിതമായി എന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർ വന്നു. നമ്മുടെ യജമാനനും നേതാവും ഈ രീതിയിൽ നമ്മെ സേവിക്കുന്നുണ്ടെങ്കിൽ നമ്മൾ പരസ്പരം എത്രത്തോളം സേവിക്കേണ്ടതാണ്." *(ദിക്റെ ഹബീബ്, പേജ് 327, ഗ്രന്ഥകർത്താവ് മുഫ്തി മുഹമ്മദു സ്വാദിഖ് സാഹിബ്, പ്രസാധനം ഖാദിയാൻ)*

ഒരിക്കൽ പുതപ്പുകളുടെ കുറവുണ്ടായപ്പോൾ സ്വന്തം പുതപ്പ് അതിഥികൾക്ക് നൽകുകയുണ്ടായി. മാത്രമല്ല വീട്ടിലെ എല്ലാ പുതപ്പുകളും നൽകുകയുണ്ടായി. രാത്രി മുഴുവനും പുതപ്പില്ലാതെ ബുദ്ധിമുട്ട് സഹിച്ചു കഴിച്ചുകൂട്ടി. എന്നാൽ, തനിക്ക് ബുദ്ധിമുട്ടുണ്ടെന്ന് ഒരു മനുഷ്യനേയും അദ്ദേഹം അറിയിച്ചില്ല. ഇതാണ് അതിഥി സൽക്കാരത്തിന്റെ യഥാർഥ ത്യാഗം. ചിലപ്പോൾ ചിലയാളുകൾ ത്യാഗം ചെയ്യാറുണ്ട്. പക്ഷേ, അതുകാരണം തങ്ങൾ എത്ര ബുദ്ധിമുട്ടേണ്ടിവന്നുവെന്ന് ഇടയ്ക്കിടെ പ്രകടമാക്കിക്കൊണ്ടിരിക്കും.

ഒരു സന്ദർഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: 'ഒരു അതിഥിക്കും ബുദ്ധിമുട്ടുണ്ടാവരുതെന്നാണ് എപ്പോഴും എന്റെ ചിന്ത. അതിഥികൾക്ക് സാധ്യമാകുന്നിടത്തോളം സമാധാനമുണ്ടാക്കാൻ എപ്പോഴും ഞാൻ താക്കീത് ചെയ്യാറുണ്ട്.' അവിടന്ന് പറഞ്ഞു: 'അതിഥികളുടെ ഹൃദയം കണ്ണാടിപോലെ മൃദുലമാണ്. ചെറിയരീതിയിൽ ബുദ്ധിമുട്ടിച്ചാൽ അത് പൊട്ടിപ്പോകുന്നതാണ്. ഇതിനു മുമ്പേ ഞാൻ ഏതു രീതിയിലാണ് അതിഥി സൽകാരം നടത്തപ്പെടുന്നതെന്ന് നോക്കുന്നതിന് അതിഥികളോടൊപ്പം ഇരുന്ന് 'ഭക്ഷണം കഴിക്കാനുള്ള ഏർപ്പാടു ചെയ്തിരുന്നു, ഭക്ഷണം അധികമാണോ, എല്ലാവർക്കും ലഭിച്ചിട്ടുണ്ടോ എന്നു നോക്കാൻ!' അവിടന്ന് പറ

യുന്നു: 'എന്നാൽ, അസുഖം കാരണം ഭക്ഷണക്രമീകരണം നിർദേശിക്കപ്പെട്ടപ്പോൾ അത് പാലിക്കപ്പെട്ടില്ല. അതിന്റെ കൂടെ മറ്റൊരു കാരണം കൂടി ഉണ്ടായിരുന്നു. അതിഥികളുടെ ആധിക്യം കാരണത്താൽ സ്ഥലപരിമിതിയുമുണ്ടായി. ഒരിടത്തിരുന്ന് എല്ലാവർക്കും ഭക്ഷണം കഴിക്കുന്നത് ബുദ്ധിമുട്ടായി വന്നു. വ്യത്യസ്ത സ്ഥലങ്ങളിൽനിന്ന് ഭക്ഷണം വിളമ്പുന്നുണ്ടാകും. അല്ലെങ്കിൽ വരിവരിയായി വിളമ്പിക്കൊടുക്കുന്നുണ്ടാകും. അതു കാരണം അതിൽ നിന്നും പിന്മാറി. *(മൽഫൂദാത്ത് വാള്യം 5, പേജ് 406)*

പിന്നീടൊരിക്കൽ ഒരുപാടു അതിഥികൾ വന്നപ്പോൾ ഹദ്റത്ത് അഹ്മദ്(അ)ലങ്കർഖാനയിലെ ഇൻചാർജിനോട് പറഞ്ഞു: 'നോക്കുക ഒരുപാടു അതിഥികൾ വന്നിരിക്കുന്നു. അവരിൽ ചിലരെ താങ്കൾക്ക് പരിചയമുണ്ട്. ചിലരെ പരിചയമില്ല. അതുകൊണ്ട് എല്ലാവരെയും ബഹുമാന്യരായി കണ്ടുകൊണ്ട് സേവിക്കുന്നതാണ് ഉചിതം. ഒരാളോടും പ്രത്യേകമായ രീതിയിൽ പെരുമാറരുത്. ഇന്നയാൾ ഭാരവാഹിയാണ്. അല്ലെങ്കിൽ ഇന്നയാളെ എനിക്കറിയാം അതുകൊണ്ട് അയാൾക്ക് നല്ല സേവനം ചെയ്യണം അയാളോട് നല്ല നിലയിൽ പെരുമാറണം എന്ന രീതിയിൽ ചെയ്യരുത്. എല്ലാവരെയും അതിഥികളെന്ന് കരുതി തുല്യമായ പരിഗണന നല്കി സേവനം ചെയ്യുക. എല്ലാ അതിഥികളേയും ബഹുമാനിക്കുകയും കാരുണ്യത്തോടെ പെരുമാറുകയും ചെയ്യുക. ഇതാണ് ആതിഥ്യമര്യാദയുടെ അടിസ്ഥാനം. നിങ്ങൾ അതിഥികൾക്ക് സമാധാനത്തിനുള്ള സാഹചര്യം ഒരുക്കുമെന്ന വിശ്വാസമാണ് എനിക്കുള്ളത്. അവർക്ക് നല്ല നിലയിൽ സേവനം ചെയ്യുക. *(മൽഫൂദാത്ത് വാള്യം 6, പേജ് 226)*

ഇന്നും ഈ ശുഭാപ്തി വിശ്വാസമാണ് സേവനം ചെയ്യുന്നവരെ കുറിച്ച് ഉണ്ടാവേണ്ടത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭൂരിഭാഗംപേരും ഈ ശുഭാപ്തി വിശ്വാസമനുസരിച്ചു പ്രവൃത്തിക്കുന്നവരാണ്. എന്തെങ്കിലും കുറവുകളുള്ളവർ സ്വയം പരിശോധിക്കുക. തങ്ങളുടെ കുറവുകൾ എങ്ങനെ നികത്താമെന്ന് നോക്കുക. കുറവുകൾ നികത്തി അതിഥി സൽകാരത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. എനിക്കറിയാം ചില വിഭാഗങ്ങളിലെ പ്രവർത്തകർക്ക് ചില അതിഥികളിൽനിന്ന് വിഷമങ്ങൾ നേരിടേണ്ടി വരുന്നു. എന്നാൽ, നമ്മുടെ രീതി സൽസ്വഭാവം കൈവെടിയരുത് എന്നതാണ്. അത് പ്രകടമാകേണ്ടതാണ്. അതിഥികൾ എന്തുതന്നെയും പറഞ്ഞു കൊള്ളട്ടെ. എല്ലാ പ്രവർത്തകരും ഉന്നത സ്വഭാവഗുണങ്ങൾ മാത്രമേ പ്രകടമാക്കുകയുള്ളൂ എന്ന് തീർച്ചപ്പെടുത്തുക. ഇപ്രാവശ്യം എണ്ണം കുറവായതുകൊണ്ട് പ്രവർത്തകർക്ക് ചില ബുദ്ധിമുട്ട് നേരിടേണ്ടി വരില്ല, അതല്ലെങ്കിൽ നേരിടേണ്ടി വരില്ലെന്ന് പ്രവർത്തകർ ചിന്തിക്കുന്നുണ്ടാകാം. എന്നാൽ, പ്രവർത്തകർ അതിഥികളോട് ചില നിയന്ത്രണങ്ങളെ കുറിച്ച് ശ്രദ്ധ ചെലുത്തുമ്പോൾ ചില അതിഥികൾ മോശമായി പെരുമാറിയേക്കാം. ഉദാഹരണത്തിന് മാസ്ക് അണിയുക എന്ന കാര്യത്തിലേക്ക് പ്രവർത്തകർ ശ്രദ്ധ ചെലുത്തിയേക്കാം. അകലം പാലിക്കേണ്ട കാര്യത്തിലേക്ക് ശ്രദ്ധ ചെലുത്തിയേക്കാം. പൊതുവിൽ നമ്മൾ ഇക്കാര്യങ്ങൾ പാലിക്കാറില്ല. ഭക്ഷണം കഴിക്കുമ്പോൾ ചില നിയന്ത്രണങ്ങളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ, എല്ലാ കാര്യങ്ങളും കേട്ടുകൊണ്ട് ആരെങ്കിലും കഠിനമായി പെരുമാറുകയാണെങ്കിൽ, അക്കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ ജനങ്ങളുടെ വാക്കുകൾ കേട്ട് സ്നേഹത്തോടെ അവർക്ക് തങ്ങളുടെ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കേണ്ടതാണ്. പൊതുവിൽ അതിഥികൾക്കും അറിയാം ചില നിയന്ത്രണങ്ങളിലേക്ക് ശ്രദ്ധിക്കേണ്ടതാണെന്നത്. എന്നാൽ, ചിലർ പ്രകൃത്യാ ചില കാര്യങ്ങളോട് ധിറുതിയിൽ അനിഷ്ടം പ്രകടിപ്പിക്കുന്നു. വളരെ കുറച്ചുപേരാണ് ഇത്തരത്തിൽ പ്രശ്നങ്ങളുണ്ടാക്കുന്നത്. അതിന്റെ കൂടെ പ്രവർത്തകരുടെ പെരുമാറ്റവും കഠിനമാകുമ്പോൾ പ്രശ്നം കൂടുതൽ വഷളാവാനുള്ള സാധ്യത ഉണ്ടാവും. അതുകൊണ്ട് ആരെങ്കിലും കാര്യങ്ങൾ മനസ്സിലാക്കികൊടുക്കുന്നുവെങ്കിൽ, ആരോടെങ്കിലും എന്തെങ്കിലും അപേക്ഷിക്കാനുണ്ടെങ്കിൽ, എന്തെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ, വളരെയധികം സംയമനത്തോടും, ക്ഷമയോടും മനസ്സിലാക്കി കൊടുക്കുക. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽഈമാൻ, ബാബുൽഹഥ്ഥി അലാ ഇക്റാമിൽജാരി വള്ളയ്ഫി..... ഹദീഥ് 173)*

മുഅ്മിന്റെ അടയാളമാണ് അവൻ അതിഥികളെ ബഹുമാനിക്കുന്നുവെന്നത്. അതുകൊണ്ട് മുഅ്മിന്റെ ഈ പ്രത്യേകത എല്ലാവരിലും ഉണ്ടാകേണ്ടതാണ്. മഴ കാരണം പാർക്കിങ്ങിൽ, ഹദീഖത്തുൽ മഹ്ദിയിൽ ചുരുങ്ങിയ എണ്ണത്തിലുള്ള പാർക്കിങ് സൗകര്യമായിരിക്കും ഉണ്ടാവുക. ഗ്രൗണ്ട് ഉണ്ടെന്നത് ശരുതന്നെ. എന്നാൽ, മഴ കാരണം ചെളിയുള്ളതുകൊണ്ട് കാറുകൾ തെന്നിപ്പോകാനും, പൂണ്ടുപോകാനുമുള്ള സാധ്യതയുണ്ട്. അതുകൊണ്ട് മറ്റൊരു സ്ഥലത്ത് പാർക്കിങ് എടുത്തിരിക്കുകയാണ്. അവിടെ നിന്നു ബസ്സുമുഖേന അതിഥികളെ കൊണ്ടുവരുന്നതായിരിക്കും. ഇവിടെ ഡ്യൂട്ടിയിലുള്ളവർ കാറിൽ വരുന്നവരെ വളരെ സമാധാനത്തോടും സ്നേഹത്തോടെയും കാര്യം പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ചിലർ നേരെ കയറിപോരും. എന്നിട്ട് തങ്ങൾ മുമ്പിലാണ്, അതുകൊണ്ട് തങ്ങളെ അകത്തേക്ക് വിടാൻ അനുവദിക്കണമെന്ന് പറയും. വളരെ സ്നേഹത്തോടെ അവർക്ക് മനസ്സിലാക്കി കൊടുക്കേണ്ടതാണ്. അതിഥികളും ഡ്യൂട്ടിയിലുള്ളവർ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കേണ്ടതാണ്. പരസ്പര സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ എളുപ്പത്തിലും തടസ്സമില്ലാതെയും നടക്കുന്നത്. അതുകൊണ്ട് ഇരുഭാഗത്തുനിന്നും സഹകരണം ആവശ്യമാണ്. ആതിഥേയരിൽനിന്നുമാത്രം ഈ ഒരു കാര്യം പ്രതീക്ഷിക്കരുത്. അതായത് ഇവർ നമുക്കുവേണ്ടി സേവനത്തിന് നിയമിക്കപ്പെട്ടവരാണ്, അതുകൊണ്ട് തങ്ങൾ പറയുന്നത് എല്ലാം കേൾക്കണം, പ്രവർത്തിക്കണം എന്നത് ശരിയല്ല. പ്രത്യുത എന്തെല്ലാം നിയമങ്ങളും നിബന്ധനകളുമാണോ അവർക്കുവേണ്ടി വെച്ചിട്ടുള്ളത് അത് അതിഥികൾ പാലിക്കേണ്ടതാണ്. അപ്പോഴാണ് പ്രവർത്തനങ്ങൾ നേരെയാവുന്നതും, തടസ്സങ്ങളില്ലാതെ സുഖമമായി മുന്നോട്ടുപോകുന്നതും. അതിഥികളും ഇക്കാര്യം എപ്പോഴും ഓർമിക്കേണ്ടതാണ്. അതായത് ഇസ്‌ലാമിൽ ആതിഥേയരോട് എവിടെയാണോ അതിഥികളോട് ബഹുമാനത്തോടെ പെരുമാറണമെന്ന് പറഞ്ഞിരിക്കുന്നത് അവിടെ അതിഥിക്കൾക്കും ചില ഉത്തരവാദിത്വങ്ങൾ നൽകുന്നുണ്ട്. നിങ്ങൾ അതിഥികളായി പോകുമ്പോൾ ആതിഥേയരുടെ തിരക്കുകളെ കുറിച്ചും ചിന്തക്കണമെന്ന് ഇസ്‌ലാം വ്യക്തമായി പറഞ്ഞിരിക്കുന്നു. അവർ വിളിക്കുമ്പോൾ പോവേണ്ടതാണ്. അല്ലെങ്കിൽ അവരെ അറിയിച്ചു പോകേണ്ടതാണ്. ഒരു ഭാഗത്ത് ആതിഥേയരോട് നിങ്ങൾ അതിഥികൾ എപ്പോൾ വന്നാലും അവരോട് നല്ല നിലയിൽ പെരുമാറണമെന്ന് പറഞ്ഞു. മറുഭാഗത്ത് അതിഥികളോട് പറഞ്ഞു, നിങ്ങൾ ആരുടെയെങ്കിലും വീട്ടിൽ പോവുമ്പോൾ പറഞ്ഞിട്ട് പോകുക എന്ന്. അഥവാ പറയാതെ പോവുകയാണെങ്കിൽ, വീട്ടുകാരൻ വീടിന്റെ ഉള്ളിലേക്ക് വരാൻ അനുവാദം നൽകിയില്ലെങ്കിൽ ഒരു പരാതിയുമില്ലാതെ തിരിച്ചു പോരേണ്ടതാണ്. ജൽസയുടെ അതിഥികൾക്ക് പൊതുവിൽ ഇക്കാര്യം ബാധകമല്ല. എന്നാൽ, ഈ വർഷം ഞാൻ പറഞ്ഞതുപോലെ പ്രത്യേക അവസ്ഥകൾ കാരണം പ്രായത്തിന്റെ നിബന്ധനകൾ വെച്ചിരിക്കുകയാണ്. ഇത്ര വയസ്സുമുതൽ ഇത്ര വയസ്സുവരെയുള്ളവർ മാത്രമേ വരികയുള്ളൂ. പ്രായപരിധിയും ആരോഗ്യവും നിബന്ധനയാണ്. ആരോഗ്യപരമായി ബന്ധപ്പെട്ട കാര്യങ്ങളും നിബന്ധനയിൽ പെടുന്നു. ഇതെല്ലാം മുന്നിൽ വെച്ചാണ് ഈ നിയമം ഉണ്ടാക്കിയിട്ടുള്ളത്. ഇതനുസരിച്ച് ആളുകളെ തിരഞ്ഞെടുത്ത് അയക്കുകയെന്നാണ് ജമാഅത്തുകളോട് പറഞ്ഞിട്ടുള്ളത്. ചില സ്ഥലങ്ങളിൽ തിരഞ്ഞെടുപ്പിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടെന്നുവരാം. ചിലർക്ക് അതിൽ പരാതിയുമുണ്ടാകും. കൂടാതെ പുതുതായി ഈ രാജ്യത്ത് വന്നവരിൽ നിബന്ധന പൂർത്തിയാകാത്തവരുണ്ട്. അവർ തങ്ങളെ ജൽസയിൽ പങ്കെടുപ്പിക്കണമെന്ന് നിർബന്ധം പിടിക്കുന്നു. ചിലർ തങ്ങളുടെ പ്രിയപ്പെട്ടവരോടൊപ്പം വരുവാനും പരിശ്രമിക്കുന്നു. തങ്ങൾക്കും പങ്കെടുക്കുന്നതിനുള്ള പാസ്സ് നൽകണമെന്ന് അവരുടെ പ്രദേശത്തെ ഉത്തരവാദപ്പെട്ടവരോടു ശാഠ്യം പിടിക്കുന്നു. ഇത്തരത്തിൽ വ്യവസ്ഥകൾ ലംഘിക്കപ്പെടുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് അവർ മനസ്സിലാക്കേണ്ടതാണ്.

അല്ലാഹു വിശ്വാസിക്ക് ഒരു പൊതുവായ അധ്യാപനം നൽകിക്കൊണ്ട് അടിസ്ഥാന സ്വഭാവത്തിൽ വഴികാട്ടുകയും കൽപ്പന നൽകുകയും ചെയ്തിട്ടുണ്ട്. അതായത് അനുമതിയില്ലാതെ ആരുടെയും വീട്ടിൽ പ്രവേശിക്കരുത്. മടങ്ങിപോവാൻ പറഞ്ഞാൽ ഒരു പരാതിയും പറയാതെ മടങ്ങിപോകണം. അല്ലാഹു പറയുന്നു: **വഇൻ ഖീലലക്കുമുർജിഊ ഫർജിഊ ഹുവ അസ്കാലക്കും.**(അന്നൂർ:29) നിങ്ങളോട് മടങ്ങിപ്പോവുക എന്ന് പറയപ്പെട്ടാൽ മടങ്ങിപോവുക. അത് നിങ്ങൾക്ക് ഏറ്റവും പരിശുദ്ധമായ രീതിയാണ്. ജൽസയിൽ വരികയും അതിൽ പങ്കെടുക്കുകയും ചെയ്യുന്നതിന്റെ വളരെ വലിയ ലക്ഷ്യം സംസ്കരണവും തങ്ങളുടെ ആത്മാവിന്റെ ശുദ്ധീകരണവുമാണ്. നിർബന്ധം ചെലുത്തി പങ്കെടുക്കുന്നതിനു പകരം നിർണയിച്ചിട്ടുള്ള ഒരു രീതിയുണ്ട്. അത് പാലിക്കുക എന്നതാണ് കൂടുതൽ പരിശുദ്ധിയോടടുത്തത്. അതുപോലെ ചിലയാളുകൾ എന്റെ പിന്നാലെകൂടിയും

കത്തെഴുതാറുണ്ട്. അല്ലെങ്കിൽ സംഘാടകരോട് നിർബന്ധം പിടിക്കുന്നു. അവർ ഈ ക്രമീകരണങ്ങളെ പാലിക്കേണ്ടതാണ്. അതാണ് ഏറ്റവും ഗുണകരം. പരാതിപ്പെടാതിരിക്കുകയും അത്തരം കാര്യം അവഗണിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിനോട് ദുആ ചെയ്യുക. ഇത്തരം അവസരങ്ങളിൽ കൂടുതൽ വേദനയോടുകൂടിയുള്ള ദുആ ഉണ്ടാകുന്നതാണ്. സുഗമമായനിലയിൽ ജൽസയിൽ പങ്കെടുക്കുവാൻ കഴിയുന്നതിന് അവസ്ഥകളെ അല്ലാഹു എത്രയും പെട്ടെന്ന് സാധാരണനിലയിലാക്കുമാറാകട്ടെ. ഖുർആനിക അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിൽ സ്വഹാബത്തിന്റെ അത്ഭുതകരമായ രീതിയാണുള്ളത്. ഒരു സ്വഹാബി പറയുന്നു: 'ഞാൻ വർഷങ്ങളോളം പല സമയങ്ങളിലും പലവീടുകളിലും പോകാറുണ്ടായിരുന്നു. ആരെങ്കിലും എന്നോട് ഇത് അസമയമാണ് അകത്തു പ്രവേശിക്കരുത്, അകത്തു വരാൻ അനുമതി നൽകാൻ സാധ്യമല്ല, കാണാൻ പറ്റില്ല എന്നെല്ലാം പറയുന്നതിനു വേണ്ടിയാണ് അസമയങ്ങളിൽ ഞാൻ പോയിരുന്നത്. പറയുന്നു: 'തിരിച്ചു പോകൂ' എന്ന് എന്നോടാരെങ്കിലും പറയുകയും അങ്ങനെ ഖുർആനിന്റെ ഈ കൽപ്പന അനുസരിച്ച് പ്രവർത്തിച്ചു പ്രവർത്തിച്ച് പ്രതിഫലം കരസ്ഥമാകുന്നവനാകുയുംചെയ്യണം എന്നതായിരുന്നു എന്റെ ആഗ്രഹം. എന്നാൽ, ആരുടെ വീട്ടിൽ നിന്നും എന്നെ തിരിച്ചയക്കുന്ന അവസ്ഥ ഉണ്ടായില്ല.' *(തഫ്സീറുദ്ദുർറുൽമൻഥൂർ, വാല്യം 6, പേജ് 175-176, ദാറുൽഫിക്ർ ബെയ്റൂത്ത് 2011)*

അതിഥികളും ആതിഥേയരും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി തങ്ങളുടെ കടമകൾ പൂർത്തിയാക്കുവാൻ പരിശ്രമിക്കുമായിരുന്നു. പൊതുമായ സൽസ്വഭാവങ്ങൾ സ്വായത്തമാക്കുന്നതിനും വിശുദ്ധഖുർആനിന്റെ നിർദേശങ്ങളനുസരിച്ച് താൽപര്യത്തോടും അഭിനിവേശത്തോടും കൂടി പ്രവർത്തിക്കുന്ന കാര്യത്തിലുമാണ് ഞാനിക്കാര്യവും അടിസ്ഥാന പരമായ നിർദേശവും പറഞ്ഞത്. തങ്ങളുടെ കാര്യം നേടിയെടുക്കുന്നതിന് ചിലർ പറയുമ്പോൾ സംഘാടകർ അത് നിഷേധിക്കാതിരിക്കേണ്ടതുമാണ്. സാധാരണ സാഹചര്യത്തിൽ നിഷേധിക്കാറില്ല. നിഷേധിക്കാൻ പാടില്ലാത്തതുമാണ്. ഇനി അങ്ങനെ ചെയ്താൽ തീർച്ചയായും അതിഥികളോടുള്ള കടമ നിറവേറ്റുകയല്ല ചെയ്യുന്നത് പ്രത്യുത ഈ ഇസ്‌ലാമിക അധ്യാപനത്തിന് വിരുദ്ധം പ്രവർത്തിക്കുകയായിരിക്കും ചെയ്യുന്നത്. ഇതനുസരിച്ച് പ്രവർത്തിക്കുവാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ പ്രത്യേകം ഉണർത്തിയിട്ടുള്ളതാണ്. തന്റെ കർമങ്ങളിലൂടെ മാതൃകകൾ സ്ഥാപിച്ചിട്ടുമുണ്ട്. അസമയത്ത് രാത്രി അതിഥികൾ വന്നാൽ ആ സമയത്തും അതിഥികളെ അവിടന്ന് ആദരിച്ചിരുന്നു.

എന്നാൽ, ഞാൻ പറഞ്ഞതുപോലെ ഈ ജൽസ നടക്കുന്നത് ഒരു പ്രത്യേക സാഹചര്യത്തിലാണ്. ഇതിൽ നിർബന്ധിതരായി അതിഥികൾ പങ്കെടുക്കരുതെന്ന് നിർദേശിച്ചിരിക്കുകയാണ്. അതുകൊണ്ട് ഒരു തരത്തിലുള്ള പരാതിയുമില്ലാതെ ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. എന്നാൽ, ഇതിൽ പങ്കെടുക്കാൻ അനുമതി ലഭിച്ചവരോട് പറയാനാഗ്രഹിക്കുന്നത്, അതിനിർബന്ധ സാഹചര്യം ഉണ്ടായാലൊഴികെ നിർബന്ധമായും ജൽസയിൽ പങ്കെടുക്കണമെന്നാണ്. ഇല്ലെങ്കിൽ അവർ പങ്കെടുക്കാത്ത കാരണത്താൽ ക്ഷണപത്രം നല്കപ്പെടാത്തവരുടെ അവകാശം ധ്വംസിക്കപ്പെടുകയായിരിക്കും ചെയ്യുന്നത്. കാലാവസ്ഥ മോശമായതിനെ ഒഴികഴിവാക്കരുത്.

കാലാവസ്ഥ മോശമായതിനെക്കുറിച്ചാണ് പറഞ്ഞത്. റബ്വയിലും ഖാദിയാനിലും ജൽസ സംഘടിപ്പിക്കുന്നത് കൊടുംതണപ്പിലാണെന്ന് പങ്കെടുക്കുന്നവർ ഓർമിക്കേണ്ടതാണ്. നിയന്ത്രണങ്ങൾ കാരണത്താൽ ഇപ്പോൾ റബ്വയിൽ ജൽസ നടക്കാറില്ല. വർഷങ്ങളായി നടക്കുന്നില്ല. പക്ഷേ, നടക്കാറുണ്ടായിരുന്നു. തണുപ്പ് കാലത്ത് ജൽസാ നടന്നിരുന്നപ്പോൾ, പിന്നീട് മഴപെയ്താലും സുഖമായിട്ടിരുന്ന് ഏതെങ്കിലും മാർഗം മുഖേന തങ്ങളെ മൂടിപ്പുതച്ച് ജൽസാ കേൾക്കുമായിരുന്നു. ഇവിടെ ഇസ്‌ലാമാബാദിൽ ജൽസ നടന്നിരുന്നപ്പോൾ മഴകാരണം ജൽസാഗാഹിലെ പന്തലുകൾ അങ്ങേയറ്റം മോശം അവസ്ഥയിലാകുമായിരുന്നു. താഴെ ഇരിക്കുന്നതിന് വെറും വൈക്കോലാണ് വിരിച്ചിരുന്നത്. ഇപ്പോൾ തടിയുടെ ഉറപ്പുള്ള തറ ഉണ്ടാക്കുന്നതുപോലെയൊന്നും അന്നുണ്ടായിരുന്നില്ല. എനിക്കോർമയുണ്ട്, ഒരു ജൽസയിൽ ഞാൻ പങ്കെടുത്തപ്പോൾ മഴകാരണം ജൽസാഗാഹിനുള്ളിലും കുറച്ചുഭാഗത്ത് വെള്ളം കയറി. നിലത്ത് ഈർപമുണ്ടായി. വശങ്ങളിലാണെങ്കിൽ വെള്ളം കെട്ടിനില്ക്കുന്നുണ്ടായിരുന്നു. വശങ്ങളിൽനിന്ന് നമസ്കരിച്ചവരുടെ മുട്ടുകളിലും നെറ്റിയിലുമെല്ലാം വെളളവും ചെളിയും കാണാമായിരുന്നു. എനിക്കുതന്നെയും അത് അനുഭവിക്കേണ്ടിവന്നു. സുജൂദിൽനിന്നെഴുന്നേല്ക്കുമ്പോൾ കണ്ണുകളിൽ വെള്ളമോ ചെളിയോ വീഴാതിരിക്കാൻ ആദ്യം നെറ്റിത്തടം വൃത്തിയാക്കേണ്ടിവന്നിരുന്നു. വസ്ത്രങ്ങളിൽ പുല്ലും വൈക്കോലും പറ്റിപ്പിടിച്ചിരുന്നു. പക്ഷേ, എല്ലാവരും ഒരു വികാരത്തോടെ ജൽസയിൽ പങ്കെടുക്കുന്നത് ഞാൻ കണ്ടു. അല്ലാഹുവിന്റെ കൃപയാൽ ഇപ്പോഴും ഈ വികാരമുണ്ട്. അഹ്മദികളിൽ ഭൂരിഭാഗമാളുകളിലും ഈ വികാരാവേശമുണ്ട്. പക്ഷേ, ദുർബലരായ ചിലരുമുണ്ട്. അല്ലെങ്കിൽ അവസ്ഥകൾ കാരണത്താൽ ഇപ്പോൾ കാലം കുറച്ച് അകന്നുപോയതുകൊണ്ട് സഹനശക്തിയില്ലായ്മ വന്നു പോയതാണ്, അവരെക്കുറിച്ചാണ് ഞാൻ പറയുന്നത് അവർക്ക് ഇതിൽപങ്കെടുക്കാനുള്ള ക്ഷണക്കത്ത് കിട്ടിയിട്ടുണ്ടെങ്കിൽ തീർച്ചയായും പങ്കെടുക്കുക. ഒരു തരത്തിലുള്ള ഒഴികഴിവും ഉണ്ടാക്കാതിരിക്കുക. പിന്നീട് ഞാൻ മുമ്പേയും പറഞ്ഞതുപോലെ വഴക്കിടുക എന്നത് ശീലമായിട്ടുള്ള ചിലരുണ്ട്. അതുപോലെ പരാതിക്കാരുമുണ്ട്. ഈ ഏർപാട് ഇങ്ങനെ ചെയ്യേണ്ടതായിരുന്നു, പിന്നെന്തുകൊണ്ട് അങ്ങനെ ചെയ്തുവെന്ന് പറഞ്ഞ് സംഘാടകരുടെമേൽ വിമർശനം നടത്തുന്നവരുമുണ്ട്. അല്ലെങ്കിൽ ഇന്ന കാരണത്താൽ തങ്ങൾക്ക് വരാൻ സാധിക്കുന്നില്ലെന്ന് പറഞ്ഞ് വരാതിരിക്കാനുള്ള ഒഴികഴിവ് അവതരിപ്പിക്കും. എന്തായാലും ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ആർക്കാണോ ക്ഷണക്കത്ത് ലഭിച്ചിട്ടുള്ളത് അവർ ഇന്നും നാളെയും മറ്റെന്നാളും തീർച്ചയായും ജൽസയിൽ പങ്കെടുക്കേണ്ടതാണ്.

ചില വ്യവസ്ഥ സംബന്ധിച്ച കാര്യങ്ങളും പറയുകയാണ്. ഭക്ഷണപന്തലിൽ സംഘാടകർ ഭക്ഷണം വാങ്ങുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും അകലം പാലിക്കാനുള്ള ഏർപാടുകൾ ചെയ്തിട്ടുണ്ട്. അതുപൂർണമായും പാലിക്കേണ്ടതാണ്. അകലം പാലിക്കാൻ എല്ലായിടത്തും എഴുതി തൂക്കിയിട്ടുണ്ട്. പക്ഷേ. ചിലർക്ക് എഴുതിയതു വായിക്കുന്ന ശീലമില്ല. അതിൽ ശ്രദ്ധിക്കുന്നില്ല. പിന്നെ ഈയിടെയായി സാധാരണ അവസ്ഥകളിലും ചിലർ അകലം പാലിക്കാത്തതായി പൊതുവെ കണ്ടുവരുന്നുമുണ്ട്. അതുകൊണ്ട് ഭക്ഷണം വാങ്ങുമ്പോഴും കഴിക്കുമ്പോഴും അകലം പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ഭക്ഷണം കഴിക്കുമ്പോൾ മാസ്ക് ഊരാൻ നിർബന്ധിതരാണ്. എന്നാൽ, ഭക്ഷണം വാങ്ങുന്ന നേരത്ത് ലൈനിൽ ആയിരിക്കുമ്പോൾ മാസ്ക ധരിക്കുക. ഇപ്രകാരംതന്നെ ഡ്യൂട്ടിയിലുള്ളവരും എപ്പോഴും മാസ്ക് ധരിക്കുമെന്ന് തീർച്ചപ്പെടുത്തുക. പ്രവർത്തകർ മാസ്ക് ധരിക്കുന്നതിൽ ഇളവു കാണിച്ചാൽ അതു പാലിക്കാൻ ശ്രദ്ധിക്കുന്നില്ലെങ്കിൽ അതിഥികളും അതു ചെയ്യുകയില്ല. അതുകൊണ്ട് ഡ്യൂട്ടിയിലുള്ളവരും അതിഥികളും മാസ്ക് ധരിക്കുമെന്ന് ഉറപ്പുവരുത്തുക. അത് പാർക്കിങ്ങിന്റെ സ്ഥലമാവട്ടെ, ശുചിമുറിയാവട്ടെ, വഴിയിൽ നടക്കുമ്പോഴാകട്ടെ, ജൽസാഗാഹിലാകട്ടെ, ഭക്ഷണപന്തലിലാവട്ടെ! ജൽസാഗാഹിലും മാസ്ക് ധരിച്ചായിരിക്കണം ഇരിക്കേണ്ടത്.എന്നാൽ, സംഘാടകർ ചിലപ്പോൾ ചെക്കിങ്ങിനായി മാസ്ക് അഴിക്കാൻ പറഞ്ഞാൽ സഹകരിക്കേണ്ടതാണ്. സംഘാടകരുടെ ഭാഗത്തുനിന്ന് തക്ബീർ ധ്വനികൾ മുഴങ്ങുമ്പോൾ, തക്ബീർ കൊടുക്കുമ്പോഴും മറുപടി നൽകുമ്പോഴും മാസ്ക് അഴിഞ്ഞു പോകാതിരി

ശേഷം പേജ് 7 ൽ

## അമീറുൽമുഅ്മിനീന്റെ ഉപദേശം:

**'അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

## അല്ലാഹുവിന്റെ കലാം:

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 3:148)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# വെർച്ചുവൽ കൂടിക്കാഴ്ച; ചോദ്യങ്ങളും മറുപടികളും

**നിങ്ങളുടെ കൈയിൽ ഒരു പ്ലാനുണ്ടാകേണ്ടതാണ്. ഈ പ്ലാൻ അനുസരിച്ച് ഏറ്റവുമാദ്യം പ്രവർത്തിക്കേണ്ടത് നിങ്ങളുടെ ആമില അംഗങ്ങളാണ്; നാഷണൽ ആമിലായുടേയും തദ്ദേശ ആമിലായുടേയും അംഗങ്ങൾ! പിന്നീട് അവരുടെ ജോലിയാണ് തങ്ങളുടെ വീടുകളിൽ അത് നടപ്പിൽ വരുത്തുക എന്നത്. സ്വദ്ർ ജമാഅത്തിന്, അമീർ ജമാഅത്തിന്, മിഷണറിക്ക്, ഭാരവാഹിക്ക് എല്ലാ ഓരോരുത്തരേയും കുറിച്ച് അറിവുണ്ടായിരിക്കേണ്ടതാണ്. അവരുടെ വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. എനിക്ക് ലോകത്തിലെ ആയിരക്കണക്കിനാളുകളെ വ്യക്തിപരമായി അറിയാം. അപ്പോൾ നിങ്ങൾ നിങ്ങളുടെ ജമാഅത്തിലായിരുന്നിട്ടും അവരെക്കുറിച്ച് നിങ്ങൾക്ക് എന്തുകൊണ്ടറിയാൻ കഴിയുന്നില്ല?**

## ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുമായി നാഷണൽ മജ്‌ലിസെ ആമില സ്യൂഡൻ ജമാഅത്തിന്റെ വെർച്ചുവൽ കൂടിക്കാഴ്ച

### (ഭാഗം ഒന്ന്)

ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുമായി അഹ്മദിയ്യാ ജമാഅത്ത് സ്വീഡന്റെ(Sweden)നാഷണൽ മജ്‌ലിസെ ആമില അംഗങ്ങൾ 2020 ആഗസ്റ്റ് 29 ന് കൂടിക്കാഴ്ച നടത്തി. ഈ മീറ്റിംഗിൽ നാഷണൽ ആമിലായ്ക്കുപുറമെ 5 ലോക്കൽ മജ്‌ലിസ് ആമിലായുടെ അംഗങ്ങളും പങ്കടുത്തിരുന്നു. അങ്ങനെ മൊത്തം 133 അംഗങ്ങളാണ് പങ്കെടുത്തത്. കൂടിക്കാഴ്ചയ്ക്കിടയിൽ ഹുദൂർ അയ്യദഹുല്ലാഹ് ഭാരവാഹികൾക്ക് അവരുടെ വകുപ്പുകൾ ഉദ്ധരിച്ച് നല്കിയ നിർദേശങ്ങളും മാർഗോപദേശങ്ങളും മുഴുലോകത്തും സേവനം അനുഷ്ഠിച്ചുവരുന്ന ഭാരവാഹികൾക്കുള്ള വഴിവിളക്കാണ്.

◐ ജനറൽസെക്രട്ടറിയുടെ ചോദ്യം: ഒരു ഭാരവാഹിക്ക് തന്റെ വകുപ്പിന്റെ ജോലിചെയ്യാൻ എത്ര സമയമാണ് നല്കേണ്ടത്?ഏതെങ്കിലും ഭാരവാഹി തന്റെ വകുപ്പിന് സമയം നല്കുന്നില്ലെങ്കിൽ എങ്ങനെയാണ് അയൾക്ക് പറഞ്ഞുകൊടുക്കേണ്ടത്?

ഇതിനുള്ള മറുപടിയിൽ ഹുദൂർ പറഞ്ഞു: 'ഇത് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നവരുടെ ജോലിയാണ്. അവർ വിശുദ്ധ ഖുർആനിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. അമാനത്തുകൾ വഹിക്കാൻ അർഹരായവരെ അതേൽപിക്കേണ്ടതാണ്. അമാനത്തിന്റെ അർഹരാകുന്നതിന്, പ്രസ്തുത വകുപ്പിനെ കുറിച്ച് അറിവുണ്ടാകുന്നതിനുപുറമെ അയാളുടെ പക്കൽ സമയവുമുണ്ടാകണം തഖ്‌വായുമുണ്ടാകണം. സമയം ചെലവഴിക്കാനും നീതിപുലർത്താനും തന്റെ തസ്തികയോടുള്ള കടമനിറവേറ്റാനും തയ്യാറുള്ളവർക്ക് വോട്ടുനല്കുക എന്നത് തിരഞ്ഞെടുക്കുന്നവരുടെ നിർബന്ധകടമയാണ്. പിന്നീട് ശിപാർശ വരികയും ഭാരവാഹിയെ നിശ്ചയിക്കുകയും ചെയ്തുകഴിഞ്ഞാൽ പൂർണമായും നീതിപുലർത്തിക്കൊണ്ട് തന്റെ സ്ഥാനം നിറവേറ്റുക എന്നത് അയാളുടെ ജോലിയാണ്. അയാൾക്ക് സമയം നല്കാൻ കഴിയുന്നില്ലെങ്കിൽ തഖ്‌വായുടെ തേട്ടമെന്നു പറയുന്നത് തനിക്ക് സമയം നല്കാൻ കഴിയുന്നില്ലെന്ന് ഒഴികഴിവ് പറയുക. ഹുദൂർ പറഞ്ഞു:പക്ഷേ, എത്ര സമയം നല്കാൻ കഴിയുമെന്ന് പറയുന്നത് ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് ആരെങ്കിലും hard and fast rule ആകുക എന്നു പറയുന്നത് എത്രസമയം നല്കേണ്ടതാണെന്ന് പറയുന്നത് ഓരോ ഭാരവാഹിയും സ്വയം നോക്കേണ്ടതാണ്. സെക്രട്ടറിമാലിന് നിത്യവും തന്റെ സ്വന്തം ജോലിയിൽനിന്ന് സമയമെടുത്ത് ജമാഅത്തിന്റെ പ്രവർത്തനം ചെയ്യേണ്ടിവരുന്നു.

**<u>ഹൂദൂർ പറഞ്ഞു</u>**: ജമാഅത്തിന്റെ ജോലികൾ ചെയ്യാത്ത ഭാരവാഹികൾക്ക് തികച്ചും അലസരായിട്ടുള്ളവർക്ക് തങ്ങളുടെ ഭാരവാഹിത്വത്തിൽ താൽപര്യമില്ലെങ്കിൽ അവരെക്കുറിച്ച് ഞാൻ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ് അവരെ ആസ്ഥാനങ്ങളിൽനിന്ന് ഒഴിവാക്കാൻ എന്നെ അറിയിക്കുക എന്നത് നാഷണൽ സ്വദ്ർ ജമാഅത്തിന്റേയോ അമീർ ജമാഅത്തിന്റേയോ ജോലിയാണ്. അവരുടെ സ്ഥാനത്ത് യോഗ്യരായ മറ്റാരെയെങ്കിലും നിയമിക്കുക.

◑ ഹുദൂർ സെക്രട്ടറി തർബിയ്യത്തിനോടു പറഞ്ഞു: സെക്രട്ടറി തർബിയ്യത്തിന്റെ ജോലി, അഹ്മദികൾക്ക് തങ്ങൾ അഹ്മദികളാണെന്നും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഇന്നയിന്നതാണെന്നും ഒന്നാമതായി മനസ്സിലാക്കാൻ കഴിയുന്നരീതിയിൽ ജമാഅത്തംഗങ്ങൾക്ക് ശിക്ഷണം നല്കുക എന്നതായിരിക്കേണ്ടതാണ്. ഒരു അഹ്മദിക്ക് അല്ലാഹുവുമായി എങ്ങനെയാണ് ബന്ധം സ്ഥാപിക്കേണ്ടത്. എപ്രകാരം ബന്ധം ഉണ്ടാക്കേണ്ടതാണ്. അതിനുള്ള മാർഗം നമസ്കാരമാണ്. നമസ്കാരങ്ങളിലേക്ക് അവരുടെ ശ്രദ്ധ ഉണ്ടാകുന്നുണ്ടോ? ഇതിനു പുറമെ ദീനിന്റെ അറിവ് കരസ്ഥമാക്കലാണ്. അതിന് ഏറ്റവും ആവശ്യം വിശുദ്ധ ഖുർആനാണ്. നമ്മൾ നിത്യവും ഖുർആൻ പാരായണം ചെയ്യുന്നുണ്ടോ? പ്രത്യേകിച്ചും ഭാരവാഹികൾ! നിങ്ങൾ നാഷണൽതലം മുതൽ തദ്ദേശതലംവരെയുള്ള എല്ലാ ഭാരവാഹികളേയും എടുക്കുകയാണെങ്കിൽ 50% ത്തിലേറെ നിങ്ങളുടെ റിപ്പോർട്ടുകൾ അവരിൽനിന്ന് വരുന്നതായിരിക്കും. വിശുദ്ധ ഖുർആൻ പഠിക്കുന്നുണ്ടോ? 'എന്തു ജോലിചെയ്യണം എന്തു ചെയ്യരുത്' എന്നുള്ള വിശുദ്ധ ഖുർആനിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ഉണ്ടാകുന്നുണ്ടോ? ഏതെങ്കിലും കല്പനയനുസരിച്ച് പ്രവൃത്തി നടക്കുന്നില്ലെങ്കിൽ എന്തു പ്രോഗ്രാമാണ് ജമാഅത്തിന് നല്കേണ്ടത്? ഹുദൂർ പറഞ്ഞു: ഏറ്റവുമാദ്യം അടുത്തുനിന്ന് തുടങ്ങുക. നിങ്ങളോടു ഏറ്റവുമടുത്താളുകൾ നിങ്ങളുടെ മജ്‌ലിസെ ആമിലായിലെ അംഗങ്ങളാണ്. പിന്നീട് നിങ്ങളുടെ ജമാഅത്തുകളിലെ ആമില അംഗങ്ങളാണ്. അതിനോടൊപ്പം ഓരോ ആമില അംഗത്തിന്റേയും വീട്ടിലെ അംഗങ്ങളാണ്. ഈ രീതിയിൽ എല്ലാവരും ചിന്തിക്കുകയും പ്രവൃത്തിക്കുകയും ചെയ്യാൻ തുടങ്ങിയാൽ 90% നിങ്ങളുടെ ജമാഅത്ത് രീല്യ ചെയ്തു കഴിഞ്ഞു. സെക്രട്ടറി തർബിയ്യത്തിന്റെ ജോലി പൂർത്തിയായി. തങ്ങൾ ഒരു പ്ലാനുണ്ടാക്കിയിരുന്നുവെന്നും ജമാഅത്തുകൾക്ക് പ്രോഗ്രാമുകൾ കൊടുത്തിരുന്നുവെന്നും ജമാഅത്തിന്റെ സ്വദ്ർ റിപ്പോർട്ട് പൂർത്തിയാക്കി അയച്ചിരുന്നുവെന്നും കർമപരമായ നിലയിൽ ഒന്നും കാണാൻ കഴിഞ്ഞില്ലെന്നും പറയുന്നതുകൊണ്ടുമാത്രം എന്തു ഫലമാണുള്ളത്?

യഥാർഥ കാര്യമെന്ന് പറയുന്നത് തങ്ങളുടെ ഉത്തരവാദിത്വമെന്താണെന്ന് അഹ്മദികൾ മനസ്സിലാക്കുക എന്നതാണ്. അവന്റെ ഏറ്റവും വലിയ ചുമതല അല്ലാഹുവുമായി ബന്ധമുണ്ടാക്കുക എന്നതാണ്. വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യുക എന്നതാണ്. ഇക്കാലഘട്ടത്തിനനുസൃതമായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞിട്ടുള്ള കല്പനകളെ പ്രത്യേകമായ നിലയിൽ നമ്മുടെ ജീവിതങ്ങളുടെ ഭാഗമാക്കുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽവന്നിട്ട് നമ്മൾ എന്താണ് ചെയ്യേണ്ടത്? നമ്മുടെ ചുമതലകൾ എന്തൊക്കെയാണ്? നമ്മുടെ മാതൃക എന്താണ് ആയിരിക്കേണ്ടത്? ഖിലാഫത്തുമായി നമ്മൾ എങ്ങനെ ബന്ധപ്പെട്ടിരിക്കണം? ഖിലാഫത്തിൽനിന്ന് നിരന്തരം മാർഗദർശനം കിട്ടിക്കൊണ്ടിരിക്കുന്നു. അതനുസരിച്ച് സ്വയംതന്നെ പ്രവർത്തിക്കുകയും വീട്ടുകാരെ കൊണ്ടു പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഖുത്ബകൾ കേൾക്കാറുണ്ടോ? കേൾക്കുന്നുണ്ടെങ്കിൽ എത്രപേരാണ് കേൾക്കുന്നത്? അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ? വീട്ടിലെ അവസ്ഥകളെന്താണ്? ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം എങ്ങനെയാണ്? കുട്ടികളുടെ തർബിയ്യത്ത് എങ്ങനെ? അവരെ ജമാഅത്തുമായി ബന്ധിപ്പിച്ചു നിറുത്താനെന്താണ് ചെയ്യുന്നത്? നമ്മുടെ ഭാര്യയ്ക്കും നമ്മുടെ കുട്ടികൾക്കുവേണ്ടിയുള്ള നമ്മുടെ ജീവിതരീതി എന്താണ്? ഇക്കാര്യങ്ങളാണ് ചെയ്യാനുള്ളത്. അല്ലാതെ നാലു ലൈനുണ്ടാക്കി, തങ്ങൾ ഫാറം ഉണ്ടാക്കിയിരുന്നുവെന്നും പൂരിപ്പിച്ചു നല്കിയെന്നും പറയലല്ല.

**<u>ഹുദൂർ പറഞ്ഞു</u>**: നമസ്കരിക്കുക എന്നത് ഒരു നിർബന്ധകാര്യമാണ്. നമസ്കരിക്കാത്തവൻ പാപിയാണ്. നമസ്കരിക്കുന്നതിന്റെ 70% അല്ലെങ്കിൽ 50% പൂർത്തിയാക്കിയാൽ അതൊരു ശ്രേഷ്ഠതയൊന്നുമല്ല. നമസ്കരിക്കാത്തവനെ സംബന്ധിച്ച് നബി(സ)തിരുമേനി കഠിനമായ പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. നമസ്കരിക്കുക എന്നത് വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനപരമായ കല്പനയാണ്. പ്രാരംഭകാലംമുതലെ അല്ലാഹു പറഞ്ഞു, അല്ലദീന യുഅ്മിനൂന ബിൽഗയ്ബി വ യുഖീമൂനസ്സ്വലാത്ത അദൃശ്യത്തിൽ വിശ്വസിക്കുന്നതോടൊപ്പം തന്നെ നമസ്കരിക്കാനും കല്പന നല്കി. അതുകൊണ്ട് ഞങ്ങൾ ഇതു ചെയ്തുവെന്ന് പറയുന്നത് തർബിയ്യത്തല്ല. നിങ്ങളുടെ കൈയിൽ ഒരു പ്ലാനുണ്ടാകേണ്ടതാണ്. ഈ പ്ലാൻ അനുസരിച്ച് ഏറ്റവുമാദ്യം പ്രവർത്തിക്കേണ്ടത് നിങ്ങളുടെ ആമില അംഗങ്ങളാണ്;നാഷണൽ ആമിലായുടേയും തദ്ദേശ ആമിലായുടേയും അംഗങ്ങൾ! പിന്നീട് അവരുടെ ജോലിയാണ് തങ്ങളുടെ വീടുകളിൽ അത് നടപ്പിൽ വരുത്തുക എന്നത്. ഞാൻ നിങ്ങളോടു പറഞ്ഞ കാര്യങ്ങൾ ഇതിന്റെ അടിസ്ഥാനത്തിലാണ്. ഇതിൽനിന്ന് നിങ്ങളെന്താണ് കരസ്ഥമാക്കിയത്?

**<u>ഹുദൂർ പറഞ്ഞു</u>**: നിങ്ങളുടെ തർബിയ്യത്ത് നടന്നാൽ നിങ്ങളുടെ കുടുംബ പ്രശ്നങ്ങളുണ്ടാകുകയില്ല, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള കലഹമുണ്ടാകുകയില്ല, കുട്ടികളുടെ തർബിയ്യത്തിന്റെ കാര്യം പരിഹരിക്കപ്പെടുകയും ചെയ്യും. അനഹ്മദികളെ വിവാഹം കഴിക്കണമെന്നുള്ള യുവാക്കളിലെ പ്രവണതയും അവസാനിക്കുന്നതായിരിക്കും. പെൺകുട്ടികൾക്ക് നല്ല ബന്ധം കിട്ടാൻ തുടങ്ങും. പെൺകുട്ടികൾക്ക് അഹ്മദികളിൽനിന്നുതന്നെ ബന്ധമെടുക്കണമെന്ന ബോധമുണ്ടാകും. അഹ്മദി യുവാക്കൾക്ക് അഹ്മദി പെൺകുട്ടികളെ തന്നെ വിവാഹം കഴിക്കണമെന്ന ഗ്രാഹ്യമുണ്ടാകും. ഉമൂറെ ആമയിലെ വഴക്കും അതോടെ അവസാനിക്കും. ചന്ദയുടെ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. അതുകൊണ്ട് തർബിയ്യത്തിന്റെ വകുപ്പ് അങ്ങേയറ്റം പ്രധാനപ്പെട്ട വകുപ്പാണ്.

**<u>ഹുദൂർ പറഞ്ഞു</u>**: പിന്നീടുള്ളത് തർബിയ്യത്തിന്റെ ഒരു ജോലിയാണ് നിങ്ങളുടെ എല്ലാ അംഗങ്ങളും സൽസ്വഭാവികളാകുക എന്നത്. അവന്റെ സ്വഭാവം നല്ലതല്ലെന്ന് പറഞ്ഞ് ഏതെങ്കിലും ആമില അംഗത്തിനു നേരെ വിരൽ ചൂണ്ടുന്ന അവസ്ഥ ഉണ്ടാകരുത്.

**<u>ഹുദൂർ പറഞ്ഞു</u>**: ചെറിയ ജമാഅത്തുകൾ മാതൃകാപരമായ ജമാഅത്തുകളാകേണ്ടതാണ്. കാരണം അവരിലെ ഓരോരുത്തരുടേയും അടുത്ത് നിങ്ങൾക്ക് എത്താൻ കഴിയും. സ്വദ്ർ ജമാഅത്തിന്, അമീർ ജമാഅത്തിന്, മിഷണറിക്ക്, ഭാരവാഹിക്ക് എല്ലാ ഓരോരുത്തരേയും കുറിച്ച് അറിവുണ്ടായിരിക്കേണ്ടതാണ്. അവരുടെ വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. എനിക്ക് ലോകത്തിലെ ആയിരക്കണക്കിനാളുകളെ വ്യക്തിപരമായി അറിയാം. അപ്പോൾ നിങ്ങൾ നിങ്ങളുടെ ജമാഅത്തിലായിരുന്നിട്ടും അവരെക്കുറിച്ച് നിങ്ങൾക്ക് എന്തുകൊണ്ടറിയാൻ കഴിയുന്നില്ല?

◑ ഹുദൂർ തബ്‌ലീഗ് സെക്രട്ടറിയോടു പറഞ്ഞു: തബ്‌ലീഗിന് ടാർഗറ്റുണ്ടായിരിക്കേണ്ടതാണ്. സ്വീഡനിൽ വിവിധ ജനതകളിലെ ആളുകളുണ്ട്. അറബികളും ധാരാളം വന്നുകഴിഞ്ഞിട്ടുണ്ട്. ഏഷ്യക്കാരുമുണ്ട്. ആഫ്രിക്കക്കാരുമുണ്ട്. തദ്ദേശവാസികളുമുണ്ട്. ഓരോരത്തർക്കും അവരവരുടെ ദേശീയതയുടെ അടിസ്ഥാനത്തിൽ പ്രോഗ്രാം ഉണ്ടാക്കേണ്ട

ശേഷം പേജ് 12 ൽ

പേജ് 5 ൽ നിന്ന്

ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചിലർ അപ്പോൾ അശ്രദ്ധരാകാറുണ്ട്. ഇപ്രാവശ്യം പുതിയൊരു അവസ്ഥയാണുള്ളത്. അതിനാൽ വളരെ ശ്രദ്ധയോടെ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. സ്വയവും മറ്റുള്ളവരെയും സംരക്ഷിക്കുന്നതിനുവേണ്ടി മൂക്കും വായയും മറഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. ഗേറ്റിൽനിന്ന് ഉള്ളിലേക്ക് പ്രവേശിക്കുമ്പോഴും രണ്ടുതരത്തിലുള്ള എം. എസ് കാർഡ്, വാക്സിനേഷൻ കാർഡും ജൽസക്കുള്ള അനുമതിപത്രവും പരിശോധിക്കുന്നതായിരിക്കും. അതുകൊണ്ട് വളണ്ടിയർമാരുമായി സഹകരിക്കേണ്ടതാണ്. ഈ എല്ലാ മുൻകരുതലുകളും പങ്കെടുക്കുന്നവരുടെ സുരക്ഷയക്കുവേണ്ടിയാണ്. കുറച്ചാളുകളും നല്ല മുൻകരുതലുകളുമുള്ളതിനാൽ സെക്യൂരിറ്റിയിൽ റിലാക്സാവരുത്. ഞാൻ മുമ്പേ പറഞ്ഞതുപോലെ, ഈ ഒരു കാര്യത്തിൽ ഡ്യൂട്ടിയിലുള്ളവരും പങ്കെടുക്കുന്നവരും പൂർണമായും ശ്രദ്ധചെലുത്തേണ്ടതാണ്. ഭക്ഷണ കാര്യത്തിൽ ഉച്ചക്കുള്ള ഭക്ഷണം ഇൻശാ അല്ലാഹ് ഭക്ഷണ പന്തലിൽത്തന്നെ നൽകുന്നതായിരിക്കും. അവിടെ ഞാൻ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ, രാത്രി ഭക്ഷണം pack ചെയ്തു നൽകുന്നതാണ്.താമസ സ്ഥാലത്തേക്ക് കൊണ്ടുപോകാവുന്നതാണ്. എത്രയും വേഗം ഭക്ഷണം വിതരണം ചെയ്യാൻ പരമാവധി ശ്രമിക്കുന്നതാണ്. എന്നാൽ, ഏതെങ്കിലും കാരണത്താൽ കുറച്ചുസമയം വൈകിയാൽ ക്ഷമിക്കേണ്ടതാണ്. അതുപോലെതന്നെ ജൽസ കേൾക്കുന്നതിനെ സംബന്ധിച്ചു പൊതുവിൽ നൽകിയിട്ടുള്ള നിർദേശങ്ങൾ ഒന്നുകൂടി ആവർത്തിക്കുന്നു. ജൽസ കേൾക്കേണ്ടതാണ്. ഒരു ദീർഘകാലത്തിനുശേഷം കണ്ടുമുട്ടുന്നതിനാൽ പരസ്പരം അവിടെയും ഇവിടെയുമിരുന്ന് സുഹൃത്തുക്കളോട് സംസാരിച്ചിരിക്കരുത്. ജൽസക്കുവേണ്ടിയാണ് വന്നതെങ്കിൽ ജൽസ കേൾക്കേണ്ടതാണ്. ഈ മഹാമാരി കാരണത്താൽ വളരെയധികം ആളുകൾ എന്നല്ല വളരെ അടുത്തവർപോലും സുഹൃത്തുക്കളുമായിരിക്കും. വിവിധ നഗരങ്ങളിൽ വസിക്കുന്നതിനാൽ ദീർഘകാലത്തിനു ശേഷമാണു കാണുന്നത്.ഈ കാലയളവിൽ ജാമാഅത്തി ഫംഗ്ഷനുകളും നടന്നിട്ടില്ല. അതുകൊണ്ട് ഈ ദീർഘകാലത്തിന് ശേഷമുള്ള കണ്ടുമുട്ടൽ ഇവരെ ജൽസയുടെ പ്രോഗ്രാമുകൾ കേൾക്കുന്നതിൽനിന്നും ദുആകളിൽനിന്നും വിട്ടുനിറുത്താതിരിക്കട്ടെ. ജൽസക്കു വന്നിട്ടുണ്ടെങ്കിൽ അതിൽനിന്നു പൂർണമായും ഫലം ഉൾക്കൊള്ളുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ജൽസയുടെ ദിനങ്ങളിൽ ദിക്റെ ഇലാഹിയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'ഞാൻ ചിന്തിച്ചു. ജൽസയുടെ ദിനങ്ങളിൽ ദിക്ർ ഇലാഹിയിൽ മുഴുകണമെന്ന് അല്ലാഹു അരുൾ ചെയ്യുന്നു. മജ്‌ലിസിൽ ഇരിക്കുമ്പോൾ ദിക്റെ ഇലാഹിയിൽ മുഴുകേണ്ടതാണ്. അതിന്റെ ഗുണം അല്ലാഹു പറയുന്നത് **ഉദ്കുറുല്ലാഹ യദ്കുറുക്കും** അതായത് നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളേയും സ്മരിക്കുന്നതാണ്. അപ്പോൾ തന്റെ നാഥൻ, തന്നെ ഓർക്കുകയും സ്മരിക്കുകയും ചെയുന്നവനെക്കാൾ ഭാഗ്യവാൻ മാറ്റാരാണുള്ളത്. *(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 4, പേജ് 258)*

പിന്നീട് ഈ ദിനങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കൂടുതൽ വലിച്ചടുപ്പിക്കുന്നതിനു ദിക്റെ ഇലാഹി കാരണമാകുന്നു. അതുകൊണ്ട് ഈ ദിനങ്ങളിൽ കൂടുതലായി ദിക്റെ ഇല്ലാഹി ചെയ്തുകൊണ്ടിരിക്കുക. അതുപോലെ എവിടെയെല്ലാം ഇരുന്നു ഈ ജൽസ കേട്ടുകൊണ്ടിരിക്കുന്നുവോ, ലോകത്തുള്ള എല്ലാ അഹ്മദികളും വീടുകളിൽ കുടുംബത്തോടൊപ്പം ആയിരുന്നാലും ദിക്റെ ഇലാഹിയിൽ അവരും മുഴുകേണ്ടതാണ്. അങ്ങനെ നമ്മൾ കൂടുതൽ കൂടുതലായി അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വായത്തമാക്കുന്നവരാകട്ടെ. തങ്ങളുടെ ആത്മീയാവസ്ഥകളെ ഉദാത്തമാക്കുന്നവരാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടി ദുൻയാവിലെ വിപത്തുകളിൽനിന്ന് രക്ഷപ്പെടുന്നവരായിത്തീരട്ടെ.

ചുരുക്കത്തിൽ ഈ ജൽസയുടെ അന്തരീക്ഷത്തിൽനിന്ന് പൂർണമായും ഫലമെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. വൈജ്ഞാനികവും ശിക്ഷണപരവുമായ പ്രസംഗങ്ങൾ കേട്ടുകൊണ്ടും ദുആയിലേക്ക് ശ്രദ്ധിച്ചുകൊണ്ടും ഇപ്രാവശ്യം കുറച്ചാളുകൾ പങ്കെടുക്കുതിനാൽ എല്ലാവർക്കും കസേരയിൽ ഇരിക്കാനുള്ള സൗകര്യമുണ്ടായിരിക്കും. അതുകൊണ്ട് കുറേനേരം ഇരിക്കണമെന്ന ഒഴിവുകഴിവ് പറയാൻ സാധ്യമല്ല. അല്ലെങ്കിലും ജൽസയുടെ ഒരു സെഷൻ അത്ര നീണ്ടതൊന്നും ആയിരിക്കുകയില്ല. പൊതുവിൽ രണ്ടര മണിക്കൂർ കൂടിപ്പോയാൽ 3 മണിക്കൂർ അല്ലെങ്കിൽ അതിനടുത്ത്. അതുകൊണ്ട് നിലത്തിരിക്കേണ്ടി വന്നാലും അത് ബുദ്ധിമുട്ടുള്ള കാര്യമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി അവസാനമായി ഞാൻ സമർപ്പിക്കുകയാണ്. ആ മഹാത്മാവ് പറയുന്നു: "എല്ലാ മാന്യസഹോദരങ്ങളും ശ്രദ്ധയോടെ കേൾക്കുക! ഞാൻ ജമാഅത്തിനും എനിക്കുംവേണ്ടി ആഗ്രഹിക്കുന്നത് പ്രഭാഷണങ്ങളിലെ വാക്കുകളിൽ മാത്രം ആകൃഷ്ടരായി മാറരുതെന്നാണ്. നിങ്ങളുടെ പരമമായ ലക്ഷ്യം, പറയുന്ന ആൾ വാക്കുകൾകൊണ്ട് മായാജാലം തീർത്തു, വാക്കുകളിൽ എത്ര ഗാംഭീര്യമാണുള്ളത് തുടങ്ങിയ അഭിപ്രായം പറയുക എന്നതായിരിക്കരുത്. ഞാൻ ഇക്കാര്യങ്ങളിൽ തൃപ്തിപ്പെടുകയില്ല. ഞാൻ ആഗ്രഹിക്കുന്നത് ഇത് എന്റെ അഭിനയമല്ല മറിച്ച് എന്റെ പ്രകൃതം ആഗ്രഹിക്കുന്നത്, ഏതൊരു പ്രവൃത്തിയാണോ ചെയ്യുന്നത് അത് അല്ലാഹുവിനുവേണ്ടി ആയിരിക്കുക എന്നതാണ്. എന്താണോ പറയുന്നത് അത് അല്ലാഹുവിന് വേണ്ടി പറയുക എന്നതാണ്." *(മൽഫൂദാത്ത് വാള്യം 1, പേജ് 398-399)*

വീണ്ടും പറയുന്നു: 'മുസ്‌ലിമീങ്ങളുടെ അധഃപതനത്തിനുള്ള മുഖ്യകാരണം ഇതാണ്. അതല്ലെങ്കിൽ എത്രയോ സമ്മേളനങ്ങൾ അഞ്ചുമനുകൾ, മജ്‌ലിസുകൾ, അവിടെയൊക്കെ നടക്കുന്നു. എത്രയോ ഭാഷാപണ്ഡിതന്മാർ ലെക്ചറുകൾ നടത്തുന്നു. പ്രഭാഷകന്മാർ പ്രഭാഷണം നടത്തുന്നു. കവികൾ ജനതയുടെ ശോചനീയവസ്ഥയെ പറ്റി കവിതകൾ അവതരിപ്പിക്കുന്നു. എന്തുകൊണ്ടാണ് അവർക്ക് ഒരു പ്രഭാവവും ചെലുത്താൻ സാധിക്കാത്തത്? എന്തുകൊണ്ട് ഈ ജനത അഭിവൃദ്ധിക്ക് പകരം അധഃപതനത്തിലേക്ക് പോകുന്നു. അതിനു കാരണം ആ മജ്‌ലിസുകളിൽ വന്നു പോകുന്നവർ ആത്മാർഥതയും കൊണ്ടുപോകുന്നില്ല എന്നതാണ്. *(മൽഫൂദാത്ത് വാള്യം 1, പേജ് 401)*

എന്തായാലും ഒരു കാര്യമിതാണ്. എല്ലാ പ്രഭാഷണവും കേൾക്കുക. ഇന്ന ആളുടെ പ്രഭാഷണം നല്ലതായിരിക്കും അത് കേൾക്കണം ഇന്നയാളുടേത് കേൾക്കരുത് എന്ന് ചിന്തിക്കരുത്. എല്ലാ പ്രഭാഷണവും കേൾക്കേണ്ടതാണ്. ജൽസയിൽ ഇരുന്ന് വളരെ ആത്മാർഥതയോടെയും ശ്രദ്ധയോടെയും കേൾക്കേണ്ടതാണ്. ഈ ആത്മാർഥത (ഇഖ്‌ലാസ്) അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടിയുള്ള ആവേശം ഉണ്ടാകുമ്പോഴാണ് സംജാതമാകുന്നത്. ഈ ഒരു ആവേശമുണ്ടാകുമ്പോഴാണ് നമ്മുടെ അവസ്ഥകൾ നന്നാവുന്നത്. നമ്മുടെ തലമുറകളേയും അത് നേരെയാക്കുന്നതാണ്. അവരെ നേർവഴിക്ക് നയിക്കുന്നതായിരിക്കും. അതിനുവേണ്ടി നമ്മൾ പരിശ്രമിച്ചു കൊണ്ടേയിരിക്കേണ്ടതാണ്. ഈ ജൽസയിൽ പങ്കെടുക്കുന്ന, ശ്രവിക്കുന്ന നമുക്കെല്ലാവർക്കും നമ്മുടെയുള്ളിൽ ആത്മാർഥത ഉണ്ടാക്കിയെടുക്കാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. കാലാവസ്ഥ നന്നായിരിക്കുന്നതിനു വേണ്ടിയും ദുആ ചെയ്യുക. ഈ ദിനങ്ങളിൽ കാലാവസ്ഥ നമ്മുടെ ഒരു പരിപാടിയിലും തടസ്സം സൃഷ്ടിക്കാതിരിക്കുമാറാകട്ടെ. പ്രത്യുത അല്ലാഹു അതിനെ നമുക്ക് അനുകൂലമാക്കുമാറാകട്ടെ.

(വിവർത്തനം: അംനാസ് പി.കെ)

****

## 126-ാമത് ജൽസാ സാലാന ഖാദിയാൻ

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 126-ാമത് ഖാദിയാൻ ജൽസാസാലാന 2021 ഡിസംബർ 24,25,26(വെള്ളി, ശനി, ഞായർ) തീയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ദുആയോടുകൂടി ഈ അനുഗ്രഹീത ജൽസയിൽ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും അല്ലാഹുവിനുവേണ്ടിയുള്ള ഈ ജൽസയിൽനിന്ന് ഫലമെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ജൽസാസാലാനയുടെ എല്ലാവിധ വിജയത്തിനും അനുഗ്രഹത്തിനും വേണ്ടിയും സൗഭാഗ്യവാന്മാർക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനുംവേണ്ടിയും ദുആകൾ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്.**

***(നാളിർ ഇസ്വ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***



# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

## 2019 ഒക്ടോബർ 6 ഞായറാഴ്ച (തുടർച്ച)

**ഫ്രാൻസ് ജൽസാസാലാന സമാപന പരിപാടി**

■ ലൈബീരിയാ(Liberia-)യിലെ ബൂമികൗണ്ടി പ്രദേശത്തെ മുബല്ലിഗ് എഴുതുന്നു:എതിരാളികളുടെ ലക്ഷ്യം നേടാതെയുള്ള പരാജയം എങ്ങനെയാണെന്ന് വിവരിക്കുകയാണിവിടെ. ഞങ്ങൾ ഒരു ഗ്രാമമായ ബേഫീനിയിൽ സന്ദേശ പ്രചാരണത്തിന് പോയി. ഈ ഗ്രാമം ചുറ്റിലുമുള്ള ഗ്രാമങ്ങളിൽവച്ച് കുറച്ച് വലുതായിരുന്നു. ഈ പ്രദേശത്ത് ഇതിന് ഒരു കേന്ദ്രീകൃത സ്ഥാനമുണ്ട്. തബ്‌ലീഗിനു ശേഷം ലൈബീരിയായിൽ നടന്ന 2019 മാർച്ച് മാസത്തിലെ ജൽസാ സാലാനയിലേക്ക് അവരെ ക്ഷണിച്ചിരുന്നു. അങ്ങനെ ജൽസ സാലാനയിൽ അഞ്ചംഗങ്ങളുടെ ഒരു സംഘം പങ്കെടുത്തു. ഇതിൽ അവരുടെ ഇമാമും പാരമൗണ്ട് ചീഫുമുണ്ടായിരുന്നു. പ്രബോധനവും ജൽസയുടെ അന്തരീക്ഷവും സ്വാധീനിച്ച കാരണത്താൽ ബയ്അത്ത് ചെയ്യുന്നതായി അവർ പരസ്യപ്പെടുത്തി. നവ അഹ്മദികളുടെ ശിക്ഷണകാര്യങ്ങൾക്കുവേണ്ടി ജമാഅത്തിന്റെ ഭാഗത്തുനിന്നു അവിടേക്ക് ഒരു മുഅല്ലിമിനെ നിയോഗിച്ചു. അദ്ദേഹം എത്തിയ ഉടൻ അവിടെ വിശുദ്ധ ഖുർആൻ ക്ലാസുകൾ ആരംഭിച്ചു. കുട്ടികളെ നമസ്കാരവും മറ്റു ദീനീപരമായ കാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങി. ഈ പ്രദേശത്ത് അഹ്മദിയ്യത്ത് എത്തിയിരിക്കുന്നുവെന്ന വിവരം ഇതിന്നിടയിൽ എതിരാളികൾ അറിഞ്ഞു. അവർ ഒരു സംഘമായി ഈ ഗ്രാമത്തിൽ വരാൻ തീരുമാനിച്ചു. ഇതിൽ ബൂമി കൗണ്ടിയിലെ ചീഫ് ഇമാമും ഉൾപ്പെട്ടിരുന്നു. പാരാമൗണ്ട് ചീഫിനെ സ്വാധീനിച്ച് അഹ്മദികൾ നല്ല മുസ്‌ലിമീങ്ങളല്ലെന്ന് സൂചിപ്പിച്ച് അദ്ദേഹത്തിൽ പരിവർത്തനം വരുത്താനാണ് ഇവർ ആദ്യം ശ്രമിച്ചത്. തുടക്കത്തിൽ പാരാമൗണ്ട് ചീഫ് ശാന്തമായി ഇവരോട് അഹ്മദികൾ നല്ല മുസ്‌ലിമീങ്ങളല്ലെങ്കിൽ അതിന്റെ തെളിവുകൾ സമർപ്പിക്കാൻ പലപ്രാവശ്യം ആവശ്യപ്പെട്ടു. ഇവർ ഖുർആൻ അംഗീകരിക്കുന്നില്ലെന്നും അംഗീകരിക്കുന്നു എന്ന് കാണിക്കുന്നത് നിങ്ങളെ വിഡ്ഢികളാക്കാൻവേണ്ടിയാണെന്നും മൗലവി പറഞ്ഞു. അപ്പോൾ ചീഫ് കോപാകുലനായി. കഴിഞ്ഞ ഇരുപത് വർഷങ്ങളായി നിങ്ങളിൽനിന്ന് ഒരാളും ഞങ്ങൾക്ക് ഖുർആൻ പഠിപ്പിക്കാൻ ഈ ഗ്രാമത്തിൽ വന്നിട്ടില്ലെന്ന് അവരെ അഭിമുഖീകരിച്ച് ചീഫ് പറഞ്ഞു. ഇപ്പോൾ അഹ്മദികള് വരികയും ഞങ്ങളെ ദീൻ പഠിപ്പിക്കാൻ തുടങ്ങുകയും ഖുർആൻ പഠിപ്പിക്കുകയും ചെയ്യുമ്പോൾ അതിനെ തടുക്കാൻ വന്നിരിക്കുകയാണോ എന്ന് ചീഫ് ചോദിച്ചു. അതുകൊണ്ട് അഹ്മദികൾ ഞങ്ങളെ വിഡ്ഢിയാക്കുകയല്ല ചെയ്യുന്നത്, നിങ്ങളാണ് ഞങ്ങളെ വിഡ്ഢിയാക്കാൻ വന്നിരിക്കുന്നത്. അതുകൊണ്ട് നിങ്ങളെല്ലാവരും ഉടനെ ഇവിടെ നിന്നു പൊയ്ക്കൊള്ളുക. ഭാവിയിലൊരിക്കലും ഇവിടെ കാലുകുത്തി പോകരുത്. ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിലാണ് ഇപ്പോഴും എപ്പോഴും! തുടർന്ന് ലക്ഷ്യം കൈവരിക്കാതെ പരാജിതരും നിന്ദിതരുമായി അവർക്ക് മടങ്ങി പോകേണ്ടി വന്നു. ഇപ്പോൾ ഈഗ്രാമവാസികൾ മുമ്പേയുള്ളതിനെക്കാൾ കൂടുതലായി ആത്മാർഥതയുടേയും കൂറിന്റേയും മാതൃകകൾ കാണിച്ചു വരുന്നു. ചന്ദ വ്യവസ്ഥിതിയിലും കൃത്യമായി ഉൾപ്പെട്ടിരിക്കുന്നു.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: ഉന്നതനായ ദൈവം തന്റെ ദാസന്മാരുടെ സംരക്ഷകനാണ്. അവരെ ഇല്ലായ്മ ചെയ്യാൻ ശത്രു ആഗ്രഹിക്കുന്നു. എന്നാൽ ഇവരാകട്ടെ ദിനേന പുരോഗതി പ്രാപിച്ചു വരികയും ശത്രുക്കളുടെ മേൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു; **കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ** എന്ന അവന്റെ വാഗ്ദാനം പോലെ! അതായത് ഞാനും എന്റെ ദൂതന്മാരും നിശ്ചയമായും വിജയിക്കുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. ആദ്യമാദ്യം മനുഷ്യൻ ദൈവവുമായി ബന്ധം ആരംഭിക്കുമ്പോൾ അവന്റെ ദൃഷ്ടിയിൽ നിസ്സാരമെന്ന് തോന്നുന്നു. എന്നാൽ, ഘട്ടംഘട്ടമായി അതിൽ പുരോഗതി കൈവരിക്കുമ്പോൾ അവന്റെ പ്രസിദ്ധി വർധിക്കുന്നു. ഏതുവരെയെന്നാൽ അവൻ ഒരു മഹത്‌വ്യക്തിയായി മാറുന്നു.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: ഞാൻ ദൈവത്തിൽ നിന്നു പ്രാപിച്ച ദൃഢമായ അറിവിന്റെ അടിസ്ഥാനത്തിൽ പറയുന്നു: 'എല്ലാ മൗലവിമാരും സിദ്ധന്മാരും ഇവരിലെ വെളിപാട് ലഭിച്ചവരും എല്ലാവരും ചേർന്ന് വെളിപാട് വിഷയത്തിൽ എന്നോട് പോരാടാൻ ആഗ്രഹിച്ചാൽ ഇവർക്കെല്ലാം എതിരിൽ അല്ലാഹു എനിക്ക് വിജയം നല്കുന്നതാണ്. കാരണം ഞാൻ അല്ലാഹുവിൽനിന്നു വന്നവനാണ്.'

ഇനി ഇസ്‌ലാമിന്റെ വിജയം വാഗ്ദത്ത മസീഹിലൂടെയാണ് സംഭവിക്കുന്നതെന്ന് ഉറപ്പായ കാര്യമാണ്. അല്ലാഹു ഈ ആധിപത്യം നല്കുകയും ചെയ്യും. ഞാൻ വിവരിച്ച സംഭവങ്ങളിൽ നിന്നു മനസ്സിലാകുന്നത് അത്ഭുതകരമായ മാർഗങ്ങളിലൂടെ അല്ലാഹു ജനങ്ങൾക്ക് മാർഗദർശനം നല്കുന്നു. ജനങ്ങൾ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ജമാഅത്തിൽ പ്രവേശിക്കുന്നു. എന്നാൽ, അഹ്മദിയ്യത്തിൽ പ്രവേശിച്ച് ഒരു കാലഘട്ടം കഴിഞ്ഞു കടന്ന പഴയ അഹ്മദികളായ നമുക്ക് ഈ അനുഗ്രഹങ്ങളിൽ പങ്കു പറ്റണമെങ്കിൽ ഈ സന്ദേശം എത്തിക്കുന്നതിൽ പൂർണ്ണ പരിശ്രമം നടത്തേണ്ടി വരും. ഇപ്രകാരം പുതുതായി വരുന്നവർ അനുഗ്രഹങ്ങളിൽ പങ്കാളി ആകണമെങ്കിൽ തങ്ങളെ നന്നാക്കാൻ സഹായിച്ച, വഴികാട്ടിയ ഈ സന്ദേശം ഇതരരിലേക്കും എത്തിക്കേണ്ടതാണ്. സന്ദേശപ്രചാരണ രംഗത്ത് മുമ്പേയുള്ളതിനെക്കാൾ കൂടുതൽ പരിശ്രമിക്കേണ്ടതാണ്. അല്ലാഹു എല്ലാവർക്കും ഇതിന്നുള്ള അവസരം നല്കുമാറാകട്ടെ. അല്ലാഹുവിന്റെ മസീഹിന്റെ സഹായികളാക്കികൊണ്ട് അവന്റെ അനുഗ്രഹങ്ങൾ നേടുന്നവരും ആകർഷിക്കുന്നവരുമായി നമ്മെ മാറ്റുമാറാകട്ടെ.

ഹുദൂർ അൻവറിന്റെ ഈ പ്രഭാഷണം 05.15 വരെ നീണ്ടുനിന്നു. ശേഷം ഹുദൂർ അൻവർ ദുആക്ക് നേതൃത്വം നല്കി. തുടർന്ന് ജൽസയിൽ പങ്കെടുത്തവരുടെ എണ്ണം ഹുദൂർ അറിയിച്ചു:

ലഭിച്ച ഹാജരായവരുടെ റിപ്പോർട്ട് അനുസരിച്ച് ഫ്രാൻസ് ജമാഅത്തിൽനിന്നു വന്നവർ 1441 ആണ്. ജമാഅത്തംഗങ്ങളല്ലാത്ത 130 പേർ പങ്കെടുത്തു. പുരുഷന്മാരുടെ എണ്ണം 1638. സ്ത്രീകളുടേത് 1095. ആകെ ഹാജരായവർ 2733. ഇവിടേയും അടുത്തുള്ള 21 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

ശേഷം ഖുദ്ദാമും അത്ഫാലും വിവിധ ഗ്രൂപ്പുകളായി പ്രാർഥനാ ഗീതങ്ങളും സംഘഗാനങ്ങളും ആലപിച്ചു. അറബ് യുവാക്കൾ അറബി ഖസീദ ആലപിച്ചു. ഖുദ്ദാം ഉർദു ഭാഷയിൽ പ്രാർഥനാ ഗീതം ആലപിച്ചു. ബംഗാളി യുവാക്കൾ ബംഗ്ലാ ഭാഷയിൽ ഗീതം ആലപിച്ചു. ഫ്രാൻസ് അത്ഫാലുൽ അഹ്മദിയ്യാ

**ഹം അഹ്മദി ബച്ചേ ഹൈം കുച്ച് കർക്കെ ദിഖായേംഗെ. ശയ്ത്വാൻ കീ ഹുകൂമത്ത് കൊ ദുൻയാ സെ മിട്ടാ ദേംഗെ**

എന്ന പദ്യം സംഘമായിആലപിച്ചു. ഖുദ്ദാമിന്റെ മറ്റൊരു ഗ്രൂപ്പ് പഞ്ചാബി ഭാഷയിൽ ഗാനം ആലപിച്ചു. വഖ്ഫെനൗ ഗ്രൂപ്പ് പ്രാർഥനാ നസം ആലപിച്ചു. ആഫ്രിക്കൻ മിത്രങ്ങൾ ചേർന്ന് അവരുടേതായ ശൈലിയിൽ കലിമ ത്വയ്യിബ ആലപിച്ചു. തക്ബീർ ധ്വനികളുടെ മുദ്രാവാക്യം ആവേശജനകമായ രൂപത്തിൽ ഉയർന്ന ശബ്ദത്തിൽ മുഖരിതമായി.

**കുടുംബപരമായ കൂടിക്കാഴ്ച**

പരിപാടിയനുസരിച്ച് 6.15ന് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടക്കാഴ്ചകൾ തുടങ്ങി. ഇന്ന് വൈകുന്നേരത്തെ ഈ പരിപാടിയിൽ 32 കുടുംബങ്ങളിൽനിന്നുള്ള 107 പേരാണ് തങ്ങളുടെ പ്രിയങ്കരനായ ഇമാമുമായി കൂടിക്കാഴ്ച നടത്തിയത്.

എല്ലാവരും അവരവരുടെ ഊഴമനുസകിച്ച് ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ച നടത്തിയവരിൽ ട്യുണിഷ്യയുമായി ബന്ധമുള്ള ഒരു സുഹൃത്ത് ഖലീൽ അസ്ബായി സാഹിബുമുണ്ടായിരുന്നു.

അദ്ദേഹം പറഞ്ഞു: ഞാൻ കുറച്ചുവർഷംമുമ്പേ ബയ്അത്ത് ചെയ്തിരുന്നുവെങ്കിലും ഇന്ന് ജീവിതത്തിൽ ആദ്യമായി എന്റെ യജമാനന്റെ പരിശുദ്ധ കരങ്ങളിൽ ബയ്അത്തു ചെയ്തു. ഞാൻ ഒരു മുസ്‌ലിം കുടുംബത്തിലാണ് ജനിച്ചത്. പക്ഷേ, ഇന്ന് എനിക്കു തോന്നുന്നത് ഒരു പുതിയ ജീവിതം പ്രദാനം ചെയ്യപ്പെട്ടുവെന്നാണ്. ഞാൻ ഹുദൂർ അൻവറിനെ കണ്ടപ്പോൾ ഒരു മലക്കിനെ കാണുന്നതുപോലെയാണ് തോന്നിയത്.

കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.30 വരെ തുടർന്നു. അതുകഴിഞ്ഞ് ഹുദൂർ ഹാളിൽ വന്നു. അവിടെ ആമീൻ പരിപാടി സംഘടിപ്പിച്ചിരുന്നു.

**ആമീൻ പരിപാടി**

ഹുദൂർ അയ്യദഹുല്ലാഹ് താഴെ പേരു പറയുന്ന ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന 27 കുട്ടികളിൽനിന്ന് ഓരോരോ ആയത്ത് ഓതിക്കേൾക്കുകയും അവസാനം ദുആ ചെയ്യിക്കുകയും ചെയ്തു:അസീസ ഐശ മൻസ്വൂർ, ഈമാൻ അത്വാ, സബീക്ക രിള്‌വാൻ, താബീന ശാദ്, യാസ്മീൻ ശീറാസ്, അനീല ഹസൻ, തബീന കാഹ്‌ലൂം, കശ്ഫ് മൗഖീത്ത്, സബീക്ക അള്ഹർ, ഹാനിയ ളിയാ, വാശിമ ശാഹിദ്, ഹംന അഹ്സൻ, അസീസ യൂസുഫ് ഖാഖാൻ സെക്കന്ദർ ശാഹ്, യൂസുഫ് അർശ്മാൻ ഗനീ ശാഹ്, ജഹാൻസേബ് തൻവീർ റഹ്മാൻ, സമീർ കമാൽ അഹ്മദ് ദീൻ, ഖാഖാൻ ലബീബ്, ഫരീദ് റഹ്മാൻ, ത്വാഹിർ അഹ്മദ്, മലിക് സൽമാൻ അഹ്മദ്, ഖാഖാൻ നസ്വീർ, നുഅ്മാൻ അഹ്മദ്, ഇൻതിസ്വാർ അഹ്മദ്, മുഹമ്മദു കാമറാൻ, മഗ്ഫൂർ അഹ്മദ്, ശാഹ് ഹസീബ് തയ്യിബ്, അമൻ മൻസ്വൂർ.

ആമീൻ പരിപാടിക്കുശേഷം ഹുദൂർ മഗ്‌രിബ് - ഇശാ ജംആക്കി നമസികരിപ്പിച്ചു.

**നവഅഹ്മദികളുടെ പ്രതികരണങ്ങൾ**

ഇന്ന് ബയ്അത്ത് ചെയ്ത ചില നവ അഹ്മദികൾ തങ്ങളുടെ പ്രതികരണം പ്രകടിപ്പിച്ചു.

■ Comoroseis ദ്വീപുകളുമായി ബന്ധമുള്ള ഒരു നവ അഹ്മദി അഹ്മദ് സാഹിബ് പറഞ്ഞു: അഹ്മദിയ്യ ജമാഅത്ത് തെളിവുകളുദ്ധരിച്ചാണ് സംസാരിക്കുന്നത്. തെളിവുകളോടുകൂടി അംഗീകരിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾക്ക് ഇങ്ങനെ ചെയ്യാൻ മുല്ല പറഞ്ഞു എന്നതുകൊണ്ടുമാത്രം കാര്യം അംഗീകരിക്കേണ്ടിവരുന്നില്ല. ഞാനിന്ന് ഖലീഫത്തുൽമസീഹിന്റെ കൈയിൽ ബയ്അത്തു ചെയ്തു. അഹ്മദിയായതിനുശേഷം എനിക്ക് ഒരുപാട് സമാധാനം കിട്ടി.

ഫ്രാൻസിലെ ഒരു നവ അഹ്മദി ഫ്ലോറന്റ് സാഹിബ് തന്റെ പ്രതികരണം വെളിപ്പെടുത്തിക്കൊണ്ടു പറഞ്ഞു:എനിക്ക് ഹുദൂർ അൻവറിന്റെ പരിശുദ്ധ കരങ്ങളിൽ നേരിട്ട് ബയ്അത്തു ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു. ഇത് എന്റെ ജീവിതത്തിൽ എനിക്ക് വളരെ വൈകാരികമായ സംഭവമാണ്.

ഒരു നവ അഹ്മദി Therese Le Coq സാഹിബ തന്റെ വികാരം പ്രകടിപ്പിച്ചത് ഇപ്രകാരമാണ്. 'ഞാൻ ആദ്യം ആഫ്രിക്കയിലായിരുന്നു. മതവുമായി വളരെ ബന്ധമുണ്ടായിരുന്നു. പക്ഷേ, ഞാൻ യൂറോപ്പിൽ വന്നതുമുതൽ പതുക്കെപ്പതുക്കെ മതത്തിൽനിന്ന് അകന്നുപോയി. ജൽസയിൽ വരുന്നതിനുമുമ്പേ സുഖമില്ലായിരുന്നു. പക്ഷേ, ജൽസയിൽ വന്നതോടെ എന്റെ ശാരീരികരോഗം ഭേദമായി. ഈ ജൽ സയുടെ അന്തരീക്ഷം എനിക്ക് വീണ്ടും മതസമ്പത്ത് പ്രദാനം ചെയ്തു. ഇക്കാരണത്താലാണ് ഞാൻ അഹ്മദിയാകുകാൻ തീരുമാനിക്കുകയും ബയ്അത്ത് ചെയ്യുകയും ചെയ്തത്.

അവരുടെ ഭർത്താവ് പറഞ്ഞു: എന്റെ ഭാര്യ ജൽസയിൽ പങ്കെടുത്ത് ബയ്അത്ത് ചെയ്തു. ഇവൾ കൃത്യമായി അഞ്ചുനേരം നമസ്കരിക്കുന്നു. ഇതിനുമുമ്പേ ഇവൾ മുസ്‌ലിമും ആയിരുന്നില്ല.

ഫ്രാൻസിൽനിന്ന് ബയ്അത്തു ചെയ്ത ഒരു സുഹൃത്ത് ലൂഈ സാഹിബ് പറഞ്ഞു:ഇന്നെന്റെ സന്തോഷത്തിന് അതിരില്ല. ബയ്അത്തു ചെയ്ത് വളരെ സമാധാനം തോന്നുന്നു. ഇൻശാഅല്ലാഹ് ഭാവിയിലും ഇങ്ങനെ തന്നെയായിരിക്കും.

## 2019 ഒക്ടോബർ 7 തിങ്കളാഴ്ച

ഹുദൂർ 06.45-ന് സ്വുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. അതുകഴിഞ്ഞ് ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

ഹുദൂറിന് ഇന്ന് **ബെയ്ത്തുൽഅത്വാ** എന്ന ജൽസാഗാഹ് സ്ഥിതി ചെയ്യുന്ന സെന്റ് പ്രിക്സിലേക്ക്(Saint Prix) പോകേണ്ടതുണ്ടായിരുന്നു.

11.20-ന് ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തു വന്നു. തുടർന്ന് ദുആ ചെയ്തു. ഹുദൂർ യാത്രയയക്കാൻ ഒത്തുകൂടിയ ആബാലവൃന്ദം അഹ്മദികൾക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. അതിനുശേഷം യാത്രാസംഘം പുറപ്പെട്ടു. കേന്ദ്ര ജമാഅത്തായ ദാറുസ്സലാമിൽ സ്ഥിതി ചെയ്യുന്ന സെന്റ് പ്രിക്സിലെ(Saint Prix) മസ്ജിദ് മുബാറക്കിലേക്ക് ഇവിടെ നിന്ന് 60 കിലോമീറ്റർ ദൂരമുണ്ട്.

ഫ്രാൻസിൽ സ്ഥാപിതമാകുന്ന ആദ്യ കേന്ദ്രമിഷൻ ഹൗസും സെന്റ്പ്രിക്സിലെ ആദ്യ മസ്ജിദുമാണിത്. സെന്റ് പ്രിക്സ് പ്രദേശം പാരീസിലെ ഗ്രാമീണ മേഖലയാണ്. ഹുദൂറിനെ സ്വാഗതം ചെയ്യാൻ പാരീസിന്റെ വിവിധ പ്രദേശങ്ങളിൽനിന്നു അഹ്മദികള് രാവിലെ തന്നെ ഒരുമിച്ചു കൂടാൻ തുടങ്ങിയിരുന്നു. 12.20-ന് ഹുദൂറിന്റെ വാഹനം മിഷൻഹൗസ് വളപ്പിൽ പ്രവേശിച്ചു. നാലു ഭാഗത്തുനിന്ന് കൈകൾ ഉയർത്തി ജനങ്ങൾ ഹുദൂറിന് സ്വാഗതമോതി. അഭിവാദ്യങ്ങളുടെ ശബ്ദം അന്തരീക്ഷത്തിൽ ഉയർന്നു. പെൺകുട്ടികൾ സ്വാഗതഗാനം ആലപിച്ചു. **അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബാ** എന്ന പ്രാർഥനാ വാക്യത്തോടെ ഹുദൂറിന് ഊഷ്മളമായ നിലയിലാണ് അവർ ഹുദൂറിനെ വരവേറ്റത്. തക്ബീർ ധ്വനികൾ അന്തരീക്ഷത്തിൽ മുഖരിതമായിക്കൊണ്ടിരുന്നു. വാഹനത്തിൽനിന്നു പുറത്തേക്ക് വന്നതും ഒരു കുട്ടി അസീസം ഫരീദ് അഹ്മദ് ഹുദൂറിന്റെ തിരുസമക്ഷത്തിൽ ബൊക്ക സമർപ്പിച്ചു. അസീസ ആഇശാ മൻസ്വൂർ ഹദ്റത്ത് ബീഗം സാഹിബക്കും പൂച്ചെണ്ട് സമർപ്പിച്ചു.

ഹുദൂർ കൈകളുയർത്തി എല്ലാവരോടും അസ്സലാമുഅലയ്ക്കും പറഞ്ഞു. മിഷൻ ഹൗസിനോടനുബന്ധിച്ച് ചില പുതിയ ഭാഗങ്ങൾ നിർമിക്കപ്പെട്ടിരുന്നു. ഇതു സംബന്ധമായി ഹുദൂർ അന്വേഷിച്ചറിഞ്ഞു.

അമീർ സാഹിബ് ഫ്രാൻസ് ഹുദൂറിനോട് പറഞ്ഞു: 'ഒരു ഭാഗത്ത് മജ്‌ലിസ് അൻസ്വാറുല്ലാഹ് ഫ്രാൻസിന്റെ ഓഫീസാണ് നിർമിച്ചിട്ടുള്ളത്. മറ്റൊരു ഭാഗത്ത് സാമ്പത്തിക കാര്യാലായത്തിന്റെ ഓഫീസും ഒരു മീറ്റിംഗ് റൂമുമുണ്ട്.

അതുകഴിഞ്ഞ് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. 02.15-ന് ഹുദൂർ മസ്ജിദ് മുബാറക്കിലെത്തി. ളുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംആക്കി നിമസ്കരിപ്പിച്ചു.

05.15-ന് ഹുദൂർ ഓഫീസിലെത്തി. മിഷൻ ഹൗസിനോടടുത്തുള്ള പ്രദേശമായ സാക്രെല്ലെസിന്റെ (Sarcelles) ഡെപ്യൂട്ടി ഗവർണർ മിസ്റ്റർ ഡെനിസ് ഡോബോ സ്കോ എന്നെൻ ബെർഗ്(Mr.Denis Dobo Scho Enenberg) ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ എത്തിയിരുന്നു.

ഡെപ്യൂട്ടി ഗവർണർ: മിഷൻ ഹൗസിന്റെ സമീപ പ്രദേശത്തുള്ള സാർകെല്ലെസിന്റെ ഡെപ്യൂട്ടി ഗവർണരാണ് ഞാൻ

ഹുദൂർ: നിങ്ങളുടെ കീഴിലുള്ള പ്രദേശത്തിന്റെ ജനസംഖ്യ എത്രയാണ്?പട്ടണങ്ങളും ഗ്രാമങ്ങളും എത്രയാണ്?

ഡപ്യൂട്ടി ഗവർണർ: 62 വിവിധ പട്ടണങ്ങളും ഗ്രാമങ്ങളും എന്റെ പ്രദേശത്തിന് കീഴിലുണ്ട്. ഈ റീജണിൽ 4 ലക്ഷത്തി 24ആയിരമാണ് ജനസംഖ്യ.

ഹുദൂർ ചോദിച്ചതനുസരിച്ച് ഡപ്യൂട്ടി ഗവർണർ: ഇക്കഴിഞ്ഞ ദിനങ്ങളിൽ പാരീസിൽ നടന്ന പ്രക്ഷോഭങ്ങളിൽ അധികവും പാരീസ് മേഖലയിലായിരുന്നു. എന്റെ പ്രദേശത്ത് ഒരു പരിധിവരെ ഉണ്ടായിരുന്നെങ്കിലും താരതമ്യേന വളരെ കുറവായിരുന്നു.

ഹുദൂർ: റോഡിലിറങ്ങിയുള്ള ജനങ്ങളുടെ ഈ പ്രക്ഷോഭത്തിന് കാരണമെന്തായിരുന്നു?

ഡെപ്യൂട്ടി ഗവർണർ: സാമ്പത്തിക കാരണങ്ങളുമുണ്ട്. തൊഴിലില്ലായ്മ. തകർന്നടിഞ്ഞ ചില കുടുംബങ്ങളിൽ(BROKEN HOME) നിന്നുള്ളവരുമുണ്ട്. ഇതും കാരണമാണ്. എന്നാൽ തൊഴിലുകൾ സൃഷ്ടിക്കാൻ ഞങ്ങൾ ശ്രമിച്ചുവരുന്നു. സ്കൂളുകൾ സ്ഥാപിക്കാനും ട്രാൻസ്പോർട്ട് സംവിധാനം നന്നാക്കാനും ശ്രമിക്കുന്നു. എന്നാൽ, ഈ പ്രവൃത്തി അത്ര എളുപ്പമല്ല.

ഇതേ നാളുകളിൽ പോലീസ് സ്റ്റേഷന്റെമേലും ആക്രമണം നടന്നിരുന്നു. അക്രമകാരികൾ സ്വന്തം സഹകാരികളെ തന്നെ കൊലചെയ്തു.

ഹുദൂർ: ആക്രമണം നടത്തിയ ആൾ കുറച്ചു നാളുകൾക്ക് മുമ്പേ ഇസ്‌ലാം സ്വീകരിച്ചിരുന്നു. വിവാഹം കഴിക്കാനാണ് അയാൾ ഇസ്‌ലാം സ്വീകരിച്ചത്. ഇസ്‌ലാമിന്റെ അധ്യാപനം എന്താണെന്ന് അയാൾക്കെന്തറിയാനാണ്?റാഡിക്കലൈസായിട്ടുള്ള(RADICALISE) വ്യക്തികൾക്ക് മൗലവിമാരോടും ബന്ധമുണ്ടാകാറുണ്ട്. ഇവർ യഥാർഥ ഇസ്‌ലാമനുസരിച്ച് പ്രവൃത്തിക്കാറില്ല. ഇവർ പഠിപ്പിക്കുന്ന കാര്യങ്ങൾക്ക് ഇസ്‌ലാമുമായി ഒരുവിധ ബന്ധവുമുണ്ടാകില്ല. നിങ്ങളുടെ പോലീസിലെ നിഷ്കളങ്കരായ വ്യക്തികൾ കൊല്ലപ്പെട്ടതിൽ വളരെ വേദനയുണ്ട്.

ഈ സമയത്ത് ലോകത്താകമാനം പ്രതിസന്ധികളുണ്ട്. ഫ്രാൻസിൽ മാത്രമല്ല. യൂ.കെയിലും ബ്രെക്സിറ്റ് കാരണത്താൽ ജനങ്ങൾ അസ്വസ്ഥരാണ്.

നിങ്ങളുടെ ഈ പദവിയിലേക്ക് തിരഞ്ഞെടുപ്പ് നടക്കാറുണ്ടോ? അതോ നിയമനമാണോ?

ഡെപ്യൂട്ടി ഗവർണർ: പ്രസിഡന്റും പ്രധാനമന്ത്രിയും ചേർന്നാണ് നിയമിക്കുന്നത്. ഞാൻ ഡിപ്ലോമാറ്റുംമായിരുന്നു. ജർമനി, ക്രൊയേഷ്യ, കെനിയ എന്നിവിടങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. ഫ്രഞ്ച് എമ്പസിയിൽ കൾച്ചറൽ കൗൺസിലറുമായിരുന്നു.

ഹുദൂർ: ജമാഅത്തുമായുള്ള നിങ്ങളുടെ നല്ല ബന്ധത്തിന് ഇതും കാരണമാണ്. ഞങ്ങൾ എവിടെയാണെങ്കിലും വളരെ സമാധാന തൽപരരായ സമൂഹമാണ്. കെനിയയിലും ഞങ്ങളുടെ സമൂഹമുണ്ട്. വിവിധ പട്ടണങ്ങളിൽ മസ്ജിദുകളും മിഷൻ സെന്ററുകളുമുണ്ട്. ഈയടുത്ത് ഫ്രാൻസിലൽ ഞങ്ങൾ ഒരു ഫാംലാന്റിൽ ജൽസ നടത്തിയിരുന്നു. വളരെ നല്ല, സുന്ദരമായ പ്രദേശമാണ്. ഇവിടെ നിന്ന് 40 കിലോമീറ്റർ ദൂരമുണ്ട്. എനിക്ക് വ്യക്തിപരമായി നഗരങ്ങളേക്കാൾ ഇത്തരത്തിലുള്ള തുറന്ന പ്രദേശങ്ങളാണ് ഏറെ ഇഷ്ടമായിട്ടുള്ളത്.

കൂടിക്കാഴ്ചക്കൊടുവിൽ കൃഷിയെ സംബന്ധിച്ചുള്ള വിവിധ കാര്യങ്ങളും ചർച്ചയിൽ വന്നു.

06.25-ന് അവസാനിച്ച ഈ കൂടിക്കാഴ്ചക്കൊടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു.

ആ പരിപാടിക്കുശേഷം ഹുദൂർ മസ്ജിദ് മുബാറക്ക് ഹാളിലെത്തി.

**വാഖിഫാത്തെ നൗഇന്റെ ക്ലാസ്.**

06.25-ന് ആരംഭിച്ച വാഖിഫാത്തെ നൗ ക്ലാസ് അസീസ അശ്ന അമലിന്റെ തിലാവത്തുൽ ഖുർആനോടുകൂടി ആരംഭിച്ചു. ഉർദു തർജമ അസീസ സ്വാലിഹ യൂസുഫും ഫ്രഞ്ച് തർജമ അസീസ ഈമാൻ ഹുദായും അവതരിപ്പിച്ചു. തുടർന്ന് സൗബിയ ഹിഫാള്വത്ത് നബി(സ) തിരുമേനിയുടെ ഒരു ഹദീഥിന്റെ അറബി വാക്യം വായിച്ചു. അസീസ അനീല അനസ് ഉർദു തർജമയും സമർപ്പിച്ചു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)പറയുന്നു: നബി(സ) തിരുമേനി പ്രസംഗ പീഠത്തിൽനിന്നു കൊണ്ട് സംസാരിക്കവെ ഈ ആയത്ത് ഓതി:അവന്റെ വലതു കൈകളിൽ ആകാശം ചുരുട്ടപ്പെട്ടിരിക്കുന്നു. അവൻ പരിശുദ്ധനാണ്. ജനങ്ങൾ പങ്കു ചേർക്കുന്നവരിൽ നിന്നെല്ലാം അവൻ വളരെ ഉന്നതനാണ്.

തുടർന്ന് നബി(സ)പറഞ്ഞു: അല്ലാഹു പറയുന്നു, ഞാൻ വളരെ ശക്തിയുള്ളവനും ന്യൂനതകളെല്ലാം പരിഹരിക്കുന്നവനുമാണ്. എല്ലാ വലിപ്പത്തരവും എന്റേതാണ്. ഞാൻ ചക്രവർത്തിയാണ്. ഞാൻ അന്തസ്സുടയവനാണ്.

**അല്ലാഹുവിന്റെ കലാം:**

**“എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല.”**

*(വിശുദ്ധ ഖുർആൻ 51:57)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**അല്ലാഹുവിന്റെ കലാം:**

**“തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?”**

*(വിശുദ്ധ ഖുർആൻ 54:18)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

അല്ലാഹു ഇപ്രകാരം സ്വന്തം അസ്തിത്വത്തിന്റെ അന്തസും മഹത്ത്വവും വിശദീകരിക്കുന്നു. നബി(സ) തിരുമേനി ഈ വാക്കുകൾ വളരെ ആവേശത്തിൽ ആവർത്തിച്ചു കൊണ്ടിരുന്നു. ഏതുവരെയെന്നാൽ പ്രസംഗപീഠം കുലുങ്ങാൻ തുടങ്ങി. നബി(സ) തിരുമേനി വീണു പോകുമോ എന്ന ഭയം പോലും ഞങ്ങൾക്കുണ്ടായി.

അസീസ ആത്വിഫ റശീദ് ഇതിന്റെ ഫ്രഞ്ച് തർജമ കേൾപ്പിച്ചു. പിന്നീട് അസീസ സൽമാ മുഹമ്മദ് ഹുസയ്ൻ,

**കിസ് ഖദ്ർ ഋാഹിർ ഹെ നൂർ**
**ഉസ് മബ്ദഉൽ അൻവാർകാ**
**ബൻ രഹാഹെ സാര ആലം**
**ആയിനയെ അബ്സ്വാർ കാ**

എന്ന ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ പദ്യം മനോഹരമായ സ്വരമാധുര്യത്തോടെ ആലപിച്ചു:

(ആ പ്രകാശസ്രോതസ്സിന്റെ ദ്യുതിവിലാസം എത്ര പ്രത്യക്ഷം;പ്രപഞ്ചമാകെ ഒരു നയന ദർപ്പണമായി മാറുകയാണ്) എന്ന് തുടങ്ങുന്ന ഈ പദ്യത്തിന്റെ ഏതാനും വരികൾ ആലപിച്ചു. അസീസ ആസ്വിമ കാഹ്‌ലൂൺ ഈ വരികളുടെ ഫ്രഞ്ച് തർജമ സമർപ്പിച്ചു. അസീസ റമീസ നസ്വീർ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ലിഖിതശകലങ്ങളിൽനിന്നു ഒരു ഭാഗം അവതരിപ്പിച്ചു: സർവ്വ ലോകത്തേയും പരിപാലിക്കുന്നവനായ സത്യവാനും പരിപൂർണ്ണനുമായ ദൈവത്തിൽ വിശ്വസിക്കുക എന്നത് അവിതർക്കിതമായ നിലയിൽ സ്വീകാര്യയോഗ്യമായ കാര്യമാണ്. അവന്റെ പരിപാലനം ഏതെങ്കിലും സവിശേഷ ജനതയിൽ മാത്രം പരിമിതമല്ല. ഏതെങ്കിലും പ്രത്യേക കാലമോ രാജ്യമോവരെ മാത്രം പരിമിതമല്ല. പ്രത്യുത അവൻ എല്ലാ ജനതയുടേയും പരിപാലകനാണ്. സർവ കാലങ്ങളുടേയും പരിപാലകനാണ് അവൻ. സർവ പ്രദേശങ്ങളുടേയും പരിപാലകനാണ് അവൻ. സർ വ രാജ്യങ്ങളുടേയും പരിപാലകൻ അവൻ തന്നെ. എല്ലാ അനുഗ്രഹങ്ങളുടേയും ഉറവിടം അവൻ തന്നെ. ശാരീരികവും ആത്മീയവുമായ ഓരോ ശക്തിയും അവനിൽനിന്ന് തന്നെയാണ്. അവനിൽനിന്നു തന്നെയാണ് സകല അസ്തിത്വങ്ങളും വളർച്ച കൈവരിക്കുന്നത്. ഓരോ അസ്തിത്വത്തിനും അവൻ തന്നെയാണ് ആശ്രയം.

ദൈവത്തിന്റെ അനുഗ്രഹം എല്ലാ ജനതയിലേക്കും രാജ്യങ്ങളിലേക്കും കാലങ്ങളിലേക്കും വ്യാപിച്ചു കിടക്കുംവിധം പൊതുവായിട്ടുള്ളതാണ്. ഒരു ജനതക്കും പരാതി പറയാൻ അവസരം നല്കാതിരിക്കാനാണ് ഇത്. ദൈവം ഇന്ന ഇന്ന ജനതയോട് ഔദാര്യം കാണിച്ചിരിക്കുന്നുവെന്നും തങ്ങളോട് ചെയ്തില്ലെന്നും പറയാൻ ഒരാൾക്കും ഇടവരരുത്. സന്മാർഗ്ഗം പ്രാപിക്കാൻ ഇന്ന ജനതക്ക് അവന്റെ ഭാഗത്തുനിന്നു ഗ്രന്ഥം ലഭിച്ചെന്നും എന്നാൽ തങ്ങൾക്ക് ലഭിച്ചില്ലെന്നും അല്ലെങ്കിൽ ഇന്ന കാലഘട്ടത്തിൽ അവന് തന്റെ വെളിപാടും ഇൽഹാമുകളും അത്ഭുത പ്രവൃത്തികളും വെളിപ്പെടുത്തുകയും എന്നാൽ, തങ്ങളുടെ കാലഘട്ടത്തിൽ അപ്രത്യക്ഷനായിരുന്നുവെന്നും പറയാതിരിക്കാനാണിത്. ചുരുക്കത്തിൽ അവൻ തന്റെ പൊതുവായ അനുഗ്രഹം കാണിച്ചുകൊണ്ട് എല്ലാ വിമർശനത്തേയും ഇല്ലാതാക്കി. ഒരു ജനതയേയും തന്റെ ശാരീരികവും ആത്മീയവുമായ അനുഗ്രഹങ്ങളിൽനിന്നു തടുക്കാത്ത വിധം അവൻ തന്റെ വിശാല സ്വഭാവം കാണിച്ചു. ഒരു കാലത്തേയും അവൻ ഹതഭാഗ്യമാക്കിയില്ല."

അതിനുശേഷം റഗീബ ള്ഹൂർ, അസീസ അദീബ അലീം, അസീസ നായില അക്രം 1924-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നടത്തിയ ഫ്രാൻസ് സന്ദർശനത്തെ കുറിച്ചുള്ള പ്രസന്റേഷൻ അവതരിപ്പിച്ചു.

മസീഹിന്റെ അവതരണം എന്ന വിഷയത്തെ പരാമർശിച്ചു കൊണ്ട് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തന്റെ ഒരു ഗ്രന്ഥത്തില് പറയുന്നു:

വാഗ്ദത്ത മസീഹ് (അ) ഡമാസ്കസിന്റെ കിഴക്ക് ഭാഗത്ത് ഒരു വെള്ള മിനാരത്തില് ഇറങ്ങുമെന്ന് ചില ഹദീഥുകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ യഥാർഥ ഉദ്ദേശ്യം അദ്ദേഹം ഡമാസ്കസിന്റെ കിഴക്കൻ രാഷ്ട്രങ്ങളിൽ ശക്തിമത്തായതും അന്യൂനവുമായ തെളിവുകളോടുകൂടി വെളിപ്പെടുമെ ന്നാണ്. എന്നാൽ, ഇത് പ്രത്യക്ഷമായ നിലയിലും പൂർത്തിയാകാൻ സാധ്യതയുണ്ട്. എപ്പോഴെങ്കിലും നമുക്ക് അവിടെ പോകാൻ അവസരം ലഭിക്കുകയോ അല്ലെങ്കിൽ നമ്മുടെ ഖലീഫമാരിൽനിന്നു ഏതെങ്കിലും ഒരു ഖലീഫ ഡമാസ്കസിലേക്ക് യാത്ര ചെയ്യുമെന്നുമാകാം

അതുകൊണ്ട് അല്ലാഹു അദ്ദേഹത്തിന്റെ ഈ അനുബന്ധ വ്യാഖ്യാനവും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ അൽമുസ്‌ലിഹ് മൗഊദ്(റ) മുഖേന പൂർത്തിയാക്കിയിരിക്കുന്നു. അദ്ദേഹം സിറിയയിലും ഇതര രാജ്യങ്ങളിലും സന്ദർശിച്ച ശേഷം ഫ്രാൻസിലും എത്തുകയുണ്ടായി.

അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗത്തുനിന്നു ഫ്രാൻസിൽ ഇസ്‌ലാമിനെ കുറിച്ചുള്ള പ്രചാരണ പരിപാടികൾ നേരിട്ട് ആരംഭിക്കുന്നത് 1924-ലാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)തന്റെ സേവകരോടൊപ്പം വേംബ്ലേ കോൺഫ്രൻസിൽ പങ്കെടുത്തതിനുശേഷം, ലണ്ടനിലെ മസ്ജിദ് ഫള്‌ലിന്റെ തറക്കല്ലിട്ടതിന്നു ശേഷം 1924 ഒക്ടോബർ 26 മുതൽ 31 വരെ ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ സന്ദർശനം നടത്തി. ഹുദൂറി(റ)നോടൊപ്പം ഹദ്റത്ത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബ് (റ), ഹദ്റത്ത് ഹാഫിള് രോശൻ അലിസാഹിബ് (റ) ഹദ്റത്ത് ചൗദരി സഫ്റുല്ലാഹ് ഖാൻ സാഹിബ്(റ) ഹദ്റത്ത് മൗലവി അബ്ദുർറഹീം ദർദ്(റ)എന്നിവരും 18 സേവകരും ഒപ്പം വന്നിരുന്നു.

തന്റെ വരവിന്റെ ഉദ്ദേശ്യത്തെ കുറിച്ച് ഒരു പത്ര ഏജൻസിയുടെ പ്രതിനിധിക്ക് അദ്ദേഹം നല്കിയ വിവരണം ഇപ്രകാരമായിരുന്നു:

യൂറോപ്പിൽ യാത്ര ചെയ്തുകൊണ്ട് ഇവിടുത്തെ മതപരമായ അവസ്ഥയെ കുറിച്ച് ശരിയായ നിലയിൽ വിലയിരുത്താനാണ് ഞാൻ വന്നിട്ടുള്ളത്. തന്മൂലം ഈ രാജ്യങ്ങളിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിന് ഒരു സ്ഥായിയായ പദ്ധതി തയ്യാറാക്കുന്നതിൽ എനിക്ക് സഹായകരമാകും. ലോകത്ത് മൈത്രിയുടെ പതാക ഉയർത്താൻ ഞാനാഗ്രഹിക്കുന്നതുകൊണ്ട് കിഴക്കിനേയും പടിഞ്ഞാറിനേയും ബന്ധിപ്പിക്കാൻ സാധിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് എനിക്ക് കാണേണ്ടതുണ്ട്. *(അൽഫള്ൽ 29 നവംബർ 1924)*

പ്രചാരണ പരിപാടികൾ കൂടാതെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പാരീസിൽ നിർമാണത്തിലിരുന്ന ഒരു മസ്ജിദും സന്ദർശിക്കുകയുണ്ടായി. ഇതിൽ ആ മഹാത്മാവ് നമസ്കരിക്കുകയും മസ്ജിദിന്റെ മിഹ്റാബിൽനിന്നുകൊണ്ട് തന്റെ ജമാഅത്തിനോടൊപ്പം ഒരു സുദീർഘമായ പ്രാർഥന നടത്തുകയും ചെയ്തു. ഇവിടെ ദുആ ചെയ്യുന്ന ആദ്യ വ്യക്തിയായിരുന്നു ആ മഹാത്മാവ്. തുടർന്ന് അദ്ദേഹം പറഞ്ഞു:

ഈ മസ്ജിദ് നമുക്ക് ലഭിക്കേണമേ എന്നും എന്റെ ദീനിന്റെ പ്രചാരണത്തിനുള്ള മാർഗ്ഗം ഉണ്ടാക്കുന്നതിന് അവസരം ഒരുക്കേണമേ എന്നുമാണ് ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തത്.*(അൽഫള്ൽ18 ഡിസംബർ 1924 പേജ് 6)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ (റ) പാരീസിൽ വിതച്ച വിത്ത് അല്ലാഹുവിന്റെ സവിശേഷ അനുഗ്രഹത്താൽ ഫ്രാൻസിൽ വ്യാപിച്ചു വരുന്നു. അൽഹംദു ലില്ലാഹി അലാ ദാലിക്.

അസീസ ഖൗല അഹദും അസീസ ബുശ്റ ലത്വീഫും പാരീസിലെ കാറ്റാകോമ്പസിന്റെ (ഗ്വല ഇമമേരീയഭൂമ്യന്തർഭാഗത്തെ)ആന്തരികമായ തട്ടുകളെ കുറിച്ച് പ്രസന്റേഷൻ നടത്തി. കാറ്റാകോമ്പ് എന്ന വാക്ക് 'കാത്താ' എന്ന യൂനാനി പദത്തിൽനിന്നു നിഷ്പന്നമാണ്.സഅതിന്റെ അർഥം ശൂന്യമായ സ്ഥലം എന്നാണ്. സ്കെൽട്ടണുകൾ വെക്കുന്നതിന് ഉപയോഗിക്കുന്ന ഭൂമിക്കുള്ളിലെ ശൂന്യമായ അറയ്ക്കാണ് കാറ്റാകോമ്പ്സ് എന്നു പറയുന്നത്.

കാറ്റകോമ്പ്സിന്റെ തുടക്കം രണ്ടാം നൂറ്റാണ്ടിലാണ് സംഭവിച്ചത്. റോമിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇത് ഉപദ്രവിക്കപ്പെട്ട ആദ്യകാല ക്രിസ്ത്യാനികൾ ഒളിച്ചിരുന്ന് ആരാധന നിർവഹിക്കാൻ ഉപയോഗിച്ച സ്ഥലമായിരുന്നു. തങ്ങളിൽനിന്നു മരിക്കുന്നവരെ ഇവിടെയാണ് ഇവർ ഖബ്ർ അടക്കിയിരുന്നത്. വിശുദ്ധ ഖുർആനിലെ അൽ കഹ്ഫ് എന്ന അധ്യായത്തിലെ 10-ാം വചനത്തിൽ ഗുഹാവാസികൾ എന്ന പേരിൽ ക്രൈസ്തവരെ കുറിച്ച് സ്മരിച്ചിട്ടുണ്ട്.

**അം ഹസിബ്ത അന്ന അസ്ഹാബൽ കഹ്ഫി**
**വർറഖീമി കാനൂ മിൻ ആയാത്തിനാ അജബാ**

(ഗുഹയുടേയും ശിലാരേഖയുടേയും ആളുകൾ നമ്മുടെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഒരു അത്ഭുതമായിരുന്നുവെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ)

എന്നിരുന്നാലും പാരീസിലെ ഈ ഗുഹകൾക്ക് മതങ്ങളുടെ ചരിത്രവുമായി ഒരു ബന്ധവുമില്ല. 1786-ലാണ് റോമിലെ കാറ്റാകോമ്പിനെ ആധാരമാക്കി ഇതിനും പേരിടപ്പെട്ടത്. യഥാർഥത്തിൽ 45 മില്യൺ വർഷങ്ങൾക്കുമുമ്പേ പാരീസിലും അതിന്റെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിലും വെള്ളം സുലഭമായുണ്ടായിരുന്നു. അതു കാരണത്താൽ ചുണ്ണാമ്പു കല്ലുകളുടെ വലിയ ഖനിയായി ഇത് മാറിയിരുന്നു. സമുദ്രജലം നീങ്ങിപ്പോയതോടെ ഈ ഗുഹകളിൽ ആളുകൾ താമസമാക്കി. തുടർന്ന് മനുഷ്യൻ ഈ ഗുഹകളിൽനിന്നു പുറത്ത് വന്നു. ഈ പട്ടണം ജനവാസയോഗ്യമാക്കാൻതുടങ്ങി.

കെട്ടിട നിർമാണ കാലഘട്ടത്തിൽ പാരീസിലെ ജനങ്ങൾ ഈ ഗുഹകളിൽനിന്നു ചുണ്ണാമ്പു കല്ലുകൾ എടുക്കാൻ തുടങ്ങി. ഈ കല്ലുകൾ കെട്ടിട നിർമാണത്തിനും കോട്ടകൾ പണിയാനും സഹായകരമായി. പാരീസിലെ പള്ളിയും പ്രസിദ്ധ മ്യൂസിയുമായ ലൂവറും ഇതിനുള്ള ഉത്തമ ഉദാഹരണമാണ്. മെല്ലെ മെല്ലെ പാരീസ് ഒരു പട്ടണമായി മാറി. ജനങ്ങൾ ഇവിടെ താമസമാക്കാൻ തുടങ്ങി. കാലപ്പോക്കിൽ മരിക്കുന്നവരുടെ എണ്ണം വർധിച്ചു പോന്നു. ശ്മശാനങ്ങളിൽ സ്ഥലക്കുറവ് അനുഭവപ്പെട്ടു. 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഫ്രാൻസിൽ നീണ്ട മഴക്കാലം വന്നു.ഇതു കാരണത്താൽ പാരീസിലെ ഈ ശ്മശാനങ്ങളിൽ വെള്ളം കയറി. ശവങ്ങളുടെ എല്ലുകൾ പട്ടണത്തിൽ ഒഴുകി നടന്നു. ഇത് പകർച്ച വ്യാധിക്കും കാരണമായി. തുടർന്ന് ഭരണകൂടം സവിശേഷ അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് ഈ എല്ലുകളെല്ലാം ഒരുമിച്ചുകൂട്ടുവാനും ഈ ഗുഹകളുടെ ഒഴിഞ്ഞ തട്ടുകളിൽ അടക്കുവാനും കല്പിച്ചു. 1786-ൽ ഖബറുകളുടെ തട്ടുകൾ ഉണ്ടാക്കാനും തുടങ്ങി. അതായത് പാരീസിലെ ഓരോ ശ്മശാനത്തിൽനിന്നും അസ്തികൂടങ്ങൾ പുറത്തെടുത്ത് ഈ അറകളിലേക്ക് മാറ്റാൻ തുടങ്ങി. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഈ അറകൾ വിനോദ സഞ്ചാരികൾക്ക് തുറന്നു കൊടുത്തു.തദ്ദേശ ഗൈഡുകൾ ഇവരെ ഈ അറകളിൽ കൂട്ടിക്കൊണ്ട് പോകുന്നു. അവർക്ക് എല്ലുകളുടെ കൂമ്പാരം കാണിച്ചു കൊടുക്കുന്നു. ഈ തട്ടുകൾ 200 കിലോമീറ്റർ നീളമുള്ളതാണ്. ഇതിൽനിന്നു കേവലം 2 കിലോമീറ്റർ ദൂരം വരെ മാത്രമേ സഞ്ചാരികൾക്ക് തുറക്കപ്പെട്ടിട്ടുള്ളത്. 131 ഏണികളിറങ്ങി ഈ അറകളിലേക്ക് പ്രവേശിക്കുന്നു. ഈ സ്ഥലത്ത് എത്തുമ്പോൾ ക്രമമായി വെച്ചിട്ടുള്ള എല്ലുകളുടേയും തലയോടുകളുടേയും കൂമ്പാരങ്ങൾ നാലു ഭാഗത്തും

കാണാൻ സാധിക്കും. ഇതിന്റെ ഭിത്തികൾ എല്ലുകൾ കൊണ്ടാണ് നിർമിച്ചിട്ടുള്ളത്. ഇവിടുത്തെ ഉഷ്ണം 14 ഡിഗ്രിയായി നിലനിറുത്തിയിരിക്കുന്നു. ഏകദേശം 6 മില്യൺ പാരീസ് പട്ടണ വാസികളുടെ അസ്തികൂടങ്ങൾ ഇതിലുണ്ട്. ഇതിൽനിന്നു പുറത്ത് കടക്കുന്നതിന് 112 ഏണികൾ കയറുകയും വേണം. ഭൂമിക്കുള്ളിലെ ഈ അറകളുമായി ബന്ധപ്പെടുത്തി ജീവിതത്തിന്റെ ഏറ്റവും വലിയ യാഥാർഥ്യത്തെ അനാവരണം ചെയ്യുന്ന ഒരു ഫ്രഞ്ച് കവിതയും രചിക്കപ്പെട്ടിട്ടുണ്ട്.അതിന്റെ ഒരു ഭാഗത്തിന്റെ തർജമ ഇപ്രകാരമാണ്:

**എല്ലാവരും ജനിക്കുന്നു, ജീവിക്കുന്നു, മരിക്കുന്നു, സ്വന്തം ഭാഗ്യത്തെ കുറിച്ചറിയാതെ;**

**സമുദ്രത്തിലെ തിരമാലകളെ വെള്ളം ഒഴുക്കിക്കൊണ്ടു പോകുന്നതു പോലെ;**

**ഇലകളെ കാറ്റ് പറത്തിക്കൊണ്ട് പോകുന്നതു പോലെ;**

**ഒരു രാത്രിയിൽ മനുഷ്യ ജീവിതവും അവസാനിക്കുന്നു!**

ഉർദു ഭാഷയിൽ യെ വഖ്ഫെ നൗ കാ ഖാഫിലഎന്ന തലക്കെട്ടിൽ ഒരു സംഘഗാനം തുടർന്ന് നടന്നു. ഫ്രഞ്ച് ഭാഷയിൽ ഖിലാഫത്ത് എന്ന വിഷയത്തെ ആധാരമാക്കി മറ്റൊരു സംഘഗാനവും അവതരിപ്പിക്കപ്പെട്ടു.

ശേഷം ചോദ്യോത്തര വേദിയായിരുന്നു. ഒരു വാഖിഫാ നൗ: സങ്കര സംസ്കാരത്തിൽ (മിക്സ് കൾച്ചർ) വിവാഹം കഴിക്കുന്നതുമായി ബന്ധപ്പെട്ട് ഹുദൂറിന്റെ അഭിപ്രായം എന്താണ്?

ഹുദൂർ: അഹ്മദികളുടെ വിവാഹങ്ങൾ അഹ്മദികളിൽ തന്നെ നടക്കേണ്ടതാണ്.ചോദ്യത്തിൽ ബാക്കിയുള്ളത് ഇതര സമൂഹങ്ങളാണ്. യൂറോപ്യരും ആഫ്രിക്കക്കാരും അമേരിക്കക്കാരും ഏഷ്യക്കാരും പൂർവേഷ്യക്കാരും പാക്കിസ്താനികളും ഒക്കെയുണ്ട്. ഇവരുമായി വിവാഹം ചെയ്യാമോ എന്നതാണ്. നല്ല ബന്ധമാണ്, അഹ്മദിയാണ് എങ്കിൽ ചെയ്യേണ്ടതാണ്. വളരെ നല്ല കാര്യമാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിടത്ത് എഴുതി യിട്ടുള്ളത്, അറബ് മുസ്ലിമീങ്ങൾ ഇന്ത്യയിൽ വന്ന പ്പോൾ അക്കാലഘട്ടത്തിലെ പ്രാദേശികരോടൊപ്പം ചേർന്നു കൊണ്ട് വിവാഹങ്ങൾ കഴിച്ചിരുന്നെങ്കിൽ ഇക്കാലഘട്ടത്തിൽ കൂടുതൽ മുസ്ലിമീങ്ങളുണ്ടാകു മായിരുന്നു. എന്നല്ല, ഹിന്ദുക്കളുടെ വളരെ വലിയ പ്ര ദേശങ്ങൾ മുസ്ലിമീങ്ങളുടേതാകുമായിരുന്നു. എന്ന ലിപ്പോൾ ജനങ്ങൾ ഭൗതികതയിൽ ലയിച്ചിരിക്കുന്നു. ദീനിന്റെ ലക്ഷണങ്ങൾപോലുമില്ലാതാകുന്നു.അതു കൊണ്ട് സംസ്കാരം വേറിട്ടതാണെങ്കിലും ദീന് ഒന്നാണെങ്കിൽ അഹ്മദി മുസ്ലിമീങ്ങളാണെങ്കിൽ നല്ല ബന്ധം ലഭിക്കുന്നെങ്കിൽ ദുആ ചെയ്തുകൊണ്ട് നിസ്സംശയം ചെയ്യാവുന്നതാണ്. തടസ്സമൊന്നുമില്ല. നല്ല ബന്ധം ആയിരിക്കണം എന്നു മാത്രം. അഹ്മദി മുസ്ലിമീങ്ങളാണെങ്കിൽ ശരിയാണ്.

ഹുദൂർ:ഇപ്പോൾ എന്താണ് പഠിക്കുന്നത്?

വാഖിഫ നൗ:മാത്സിൽ മാസ്റ്റേഴ്സ് ചെയ്യുന്നു.

ഒരു വാഖിഫാ നൗ:ഹുദൂർ കിച്ചണിൽ ആപ്പാ ജാനിനെ സഹായിക്കാറുണ്ടോ?

ഹുദൂർ: അവർക്ക് സഹായത്തിന്റെ ആവശ്യമുണ്ടെങ്കിൽ ചെയ്തു കൊടുക്കുന്നു. രോഗിയായാലല്ലാതെ അവർക്ക് ആവശ്യം വരാറേയില്ലെന്നാണ് എനിക്ക് തോന്നുന്നത്. പ്ലേറ്റെടുത്തു, സ്പൂൺ എടുത്തു, ഇത്രമാത്രം. വേറെ എന്താണ് ജോലി. ഞങ്ങൾ പുറത്ത് ഘാനയിലുള്ളപ്പോൾ പരസ്പരം സഹായിക്കാറുണ്ടായിരുന്നു. ആ സമയത്ത് ഗ്യാസോ വെള്ളമോ ഒന്നും ഉണ്ടായിരുന്നില്ല. വെള്ളവും കൊണ്ടുവന്ന് കൊടുത്തിരുന്നു. സ്റ്റൗവിൽ മണ്ണെണ്ണ ഒഴിച്ചു കൊടുത്തിരുന്നു. വിളക്കും കത്തിച്ചിരുന്നു. എല്ലാം ചെയ്തിരുന്നു.

ഒരു ഫ്രഞ്ച് വാഖിഫാ നൗ: ഹുദൂർ, വളരെ ഹൃദയ സ്പൃക്കായതും ഹുദൂറിന്ന് ഓർമയുള്ളതുമായ ഒരു സ്വപ്നം പറയാമോ?

ഹുദൂർ: വളരെ മുമ്പേയുള്ള ഒരു സ്വപ്നമാണ്. ഒരിക്കൽ പരീക്ഷ നടക്കുന്ന കാലത്ത് ഞാൻ കണ്ടതാണ്. ആ സമയത്ത് അല്ലാഹു എനിക്ക് ഹദ്റത്ത് വാഗ്ദത്ത മസീഹിനുണ്ടായ വെളിപാട്,

**'യൻസ്വുറുക്ക രിജാലുൻ നൂഹീ ഇലയ്ഹിം മിനസ്സമാഇ.'**

(ആകാശത്തു നിന്നു നാം വെളിപാടു നല്കുന്ന ഒരുപ റ്റമാളുകൾ നിന്നെ സഹായിക്കുന്നതാണ്)

എന്നോടും പറഞ്ഞു. ഈ അടിസ്ഥാനത്തിൽ ഈ സ്വപ്നത്തിന് ശേഷമുള്ള കാലം മുതൽ ഇന്നുവരെ അല്ലാഹു എന്നെ സഹായിച്ചു കൊണ്ടിരിക്കുന്നു.

ഒരു വാഖിഫ നൗ: ഹുദൂർ സ്കൂളിൽ പഠിക്കുമ്പോൾ ബുദ്ധിമുട്ടുള്ള ഏതെങ്കിലും വിഷയം ഉണ്ടായിരുന്നോ?

ഹുദൂർ: എനിക്ക് എല്ലാ വിഷയങ്ങളും ബുദ്ധിമുട്ട് തോന്നാറുണ്ടായിരുന്നു. അതുകൊണ്ട് ഞാൻ നല്ല വിദ്യാർഥി ആയിരുന്നില്ല. എന്നാൽ, ഒടുവിൽ അല്ലാഹു അവന്റെ സഹായത്താൽ കുറച്ച് നന്നാക്കി തന്നു. എങ്ങനെ എം എസ് സി വരെ വരെയെത്തി എന്ന് എനിക്കറിയില്ല. ഇക്കാലഘട്ടത്തിൽ നിങ്ങൾ നല്ല വണ്ണം പഠിക്കണം.

ഒരു വാഖിഫാ നൗ:ഹുദൂറിന് കൂടുതൽ അടുപ്പം സ്വന്തം ഉമ്മയോടായിരുന്നോ അതോ ബാപ്പയോടായിരുന്നോ?

ഹുദൂർ: രണ്ടു പേരോടും വളരെ അടുപ്പമായിരുന്നു. ഞങ്ങളുടെ കാലത്ത് പ്രായമായ മഹാന്മാർ ഒരു മറ വെക്കാറുണ്ടായിരുന്നു. എന്നാൽ, ഭക്ഷണകാര്യത്തി ലും മറ്റും രണ്ടു പേരും ചിന്ത വെച്ചിരുന്നു. രോഗിയാ യിരുന്നപ്പോൾ പിതാവ് സ്കൂളിൽ പോകേണ്ടെന്നും ലീവാക്കാനും പറയാറുണ്ടായിരുന്നു. അപ്പോൾ നമുക്ക് പിതാവ് വളരെ നല്ല വ്യക്തിയായി തോന്നുമായിരുന്നു. ഭക്ഷണകാര്യത്തിൽ ശ്രദ്ധ പുലർത്തുക തുടങ്ങിയ കാര്യങ്ങളിൽ രണ്ടു പേരും എന്നോട് നല്ല രൂപത്തിൽ പെരുമാറിയിരുന്നു.

വാഖിഫാ നൗ കുട്ടി: അങ്ങയ്ക്ക് ആരോടായിരുന്നു കൂടുതൽ ഭയം?

ഹുദൂർ: ആരോടും ഭയമില്ലായിരുന്നു. തെറ്റന്തെങ്കിലും ചെയ്താൽ നല്ല വഴക്ക് കേൾക്കേണ്ടി വരുമെന്ന കാര്യം രണ്ടു പേരെക്കുറിച്ചും ഉണ്ടായിരുന്നു.(അവലംബം, ബദ്ർ ഉർദു ജനുവരി 30 ഫെബ്രുവരി 2020)

**വാഖ്ഫീനെ നൗവുമായുള്ള കൂടിക്കാഴ്ച**

06.20ന് വാഖ്ഫീനെ നൗവുമായുള്ള മീറ്റിംഗ് അസീസം ശായാൻ അക്രമിന്റെ തിലാവത്തോടുകൂടി പരിപാടി ആരംഭിച്ചു. ഉർദു തർജമ അസീസം ഫരീദ് അഹ്മദും ഫ്രഞ്ച് തർജമ അസീസം ഹുസയ്ൻ അഹ്മദും കേൾപ്പിച്ചു. അസീസം ശർജീൽ അഹ്മദ് ദാനിശ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ

**ഹർ ത്വറഫ് ഫിക്ർ കൊ ദൗഡാക്കെ ഥക്കായാ ഹം നേ**

**കോയി ദീൻ ദീനെ മുഹമ്മദ് സാ ന പായാ ഹം നേ**

എന്ന പദ്യം ആലപിച്ചു.

(നാലുപാടും ചിന്തകളെ പായിച്ചു നാം തളർന്നുപോയി. ഒരു ദീനും മുഹമ്മദ്(സ)തിരുമേനിയുടെ ദീൻ പോലുള്ള ഒരു ദീനും നമുക്ക് കാണാൻ കഴിഞ്ഞില്ല.)

ഈ പദ്യത്തിൽനിന്നുള്ള ഏതാനും വരികളാണ് ചൊല്ലിയ ത്. അസീസം സമീർ അഹ്മദ് നബി(സ)തിരുമേനിയുടെ ഒരു അനുഗൃഹീത ഹദീഥ് ഉർദു, ഫ്രഞ്ച് ഭാഷകളിൽ കേൾപ്പിച്ചു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)വിവരിക്കുന്നു: ഞാൻ നബി(സ)തിരുമേനിയോട് ചോദിച്ചു:ഏതു പ്ര വൃത്തിയാണ് അല്ലാഹുവിന്റെയടുക്കൽ ഏറ്റവും ശ്രേഷ് ഠമായത്? അവിടന്ന് പറഞ്ഞു: 'നിശ്ചിത സമയത്ത് നമസ് കാരം നിർവഹിക്കലാണ്.' വീണ്ടു ചോദിച്ചപ്പോൾപറഞ്ഞു: 'അതിന്നു ശേഷം മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറുക എന്നതാണ്. തുടർന്ന് അല്ലാഹുവിന്റെ മാരഗത്തിൽ ജിഹാദ് നടത്തുക എന്നതാണ്.'

അസീസം തൗസ്വീഫ് അഹ്മദ് അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ലിഖിത ശകലം അവതരിപ്പിച്ചു. അസീസം ഇദ്രീസ് ഹുദ്വി ഇതിന്റെ ഫ്രഞ്ച് തർജമയും കേൾപ്പിച്ചു.

**അൽവസിയ്യത്തു ഗ്രന്ഥത്തിൽനിന്നുമുള്ള ലിഖിതം**

മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചതുമുതൽ എന്നും അവൻ തന്റെ നബിമാരേയും റസൂൽമാരേയും സഹായിക്കു കയും അവർക്ക് വിജയം നല്കുകയും ചെയ്തുവ രുന്നു എന്നത് അവന്റെ സുന്നത്താണ്. എപ്പോഴും ഈ സുന്നത്തിനെ വെളിപ്പെടുത്തിക്കൊണ്ടിരുന്നിട്ടുമുണ്ട്. അവൻ വിശുദ്ധ ഖുർആനിൽ പറയുന്നു: **കതബല്ലാഹു ലി അഗ്ലിബന്ന വ റുസുലീ** ഞാനും എന്റെ റസൂൽമാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴു തിയിരുക്കുന്നു. ഈ വിജയത്തിന്റെ അർഥം ഇതാണ്: അല്ലാഹുവിന്റെ ന്യായപൂർത്തി ഭൂമിയിൽ പുലരുകയും അതിനെ ആർക്കും എതിരിടാൻ കഴിയാതിരിക്കുകയും ചെയ്യണമെന്നത് റസൂൽമാരുടേയും നബിമാരുടേയും ഉദ്ദേശ്യമായിരിക്കുന്നതുപോലെ അല്ലാഹു ശക്തിമത്തായ ദൃഷ്ടാന്തങ്ങൾ മുഖേന അവരുടെ സത്യത വെളിപ്പെ ടുത്തുന്നതുമാകുന്നു. ഏതൊരു സത്യമാണോ അവർ ലോകത്ത് പരത്തുവാൻ ആഗ്രഹിക്കുന്നത് അതിന്റെ ബീജാവാപം അവരുടെതന്നെ കൈകളാൽ നിർവഹിക്ക പ്പെടുകയും ചെയ്യുന്നു. എന്നാൽ, അതിന്റെ പൂർണമായ പൂർത്തീകരണം അവരുടെ കൈകൊണ്ടു നടത്തുന്നില്ല. പ്രത്യുത ഒരു പരാജയത്തിന്റെ ഭീതി പരത്തുമാറുള്ള ഘട്ടത്തിൽ അവർക്ക് മരണം നല്കിക്കൊണ്ട് എതി രാളികൾക്ക് പരിഹസിക്കാനും കളിയാക്കാനും അവ ഹേളിക്കാനുമുള്ള അവസരം നല്കുന്നു. അവർ പ രിഹാസവും അവഹേളനവും നടത്തിക്കഴിഞ്ഞാൽ തന്റെ ദിവ്യശക്തിയുടെ മറ്റൊരു കൈ വെളിപ്പെടുത്തു കയും പൂർത്തിയാക്കാതെപോയ ലക്ഷ്യങ്ങൾ അതിന്റെ പൂർണതയോളമെത്തിക്കാനുള്ള വഴികളൊരുക്കുകയും ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ രണ്ടുതരത്തിലുള്ള ദിവ്യശക്തികൾ(ഖുദ്റത്തുകൾ)അല്ലാഹു വെളിപ്പെടു ത്തുന്നു. ഒന്നാമതായി നബിമാരുടെ കൈകൾകൊണ്ടു തന്നെ തന്റെ ദിവ്യശക്തിയുടെ ഹസ്തം കാണിക്കുന്നു. രണ്ടാമതായി നബിയുടെ മരണശേഷം വിഷമങ്ങൾ നേരി ടേണ്ടിവരികയും ശത്രു വളരെ ശക്തിപ്രാപിക്കുകയും നബിയുടെ ദൗത്യം ആകെ കുഴപ്പത്തിലായെന്നും ഈ ജമാഅത്ത് ഇപ്പോൾ നശിക്കാൻ പോകുകയാണെന്ന് ഉറപ്പിച്ചുകൊണ്ട് അതിലെ അംഗങ്ങൾത്തന്നെ അതിന്റെ ഭാവിയെ കുറിച്ച് സംശയത്തിലാകുകയും നിരാശപ്പെട്ടു തുടങ്ങുകയും അവരുടെ നടുവൊടിഞ്ഞ നിലയിൽ നിർഭാഗ്യരായിട്ടുള്ള നിരവധിപേർ മതനിരാസത്തിലേക്കു ള്ള വഴിയിൽ നീങ്ങുകയും ചെയ്യുമ്പോൾ സർവശക്ത നായി അല്ലാഹു രണ്ടാം തവണ തന്റെ പ്രബലമായ ദിവ്യ ശക്തി വെളിപ്പെടുത്തുകയും തകർച്ചയിലേക്കെത്തിയ ജമാഅത്തിനെ താങ്ങിയെടുത്ത് രക്ഷിക്കുകയും ചെയ്യു ന്നു. ചുരുക്കത്തിൽ അന്ത്യംവരെ സഹനം കൈക്കൊ ള്ളുന്നവർക്ക് അല്ലാഹുവിന്റെ ഈ അത്ഭുതദൃഷ്ടാന്തം കാണാൻ കഴിയുന്നു; ഹദ്റത്ത് അബൂബക്ർ സിദ്ദീ ഖ്(റ)ന്റെ കാലത്ത് സംഭവിച്ചതുപോലെ!നബി(സ)തി രുമേനിയുടെ മരണം ഒരു അകാലമരണമായി കരുത പ്പെടുകയും വിവേകശൂന്യരായ നിരവധി ബദ്‌വികൾ മുർത്തദ്ദുകളായിപ്പോകുകയും സ്വഹാബിമാരും ദുഃഖാ രത്താൽ ഭ്രാന്ത് പിടിച്ചവരെപ്പോലെയായിത്തീരുകയും ചെയ്തപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്ർ(റ)നെ എഴുന്നേല്പിച്ചുകൊണ്ട് രണ്ടാമത് തന്റെ ദിവ്യശക്തി യുടെ ഹസ്തം നീട്ടിക്കാണിക്കുകയും ഇസ്ലാമിനെ നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തു അങ്ങനെ അല്ലാഹു വല യുമക്കിനന്ന ലഹും ദീനഹുമുല്ലദിർത്തളാ ലഹും വലയുബദ്ദിലന്നഹും മിൻ ബഅ്ദി ഖൗഫിഹിം അംനാ(അവർക്കായി അവൻ തൃപ്തിപ്പെട്ട മതം അവൻ അവർക്ക് ശക്തിപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയപ്പാടിനുശേഷം അവർക്ക് സമാധാനവും രക്ഷയും പ്രദാനം ചെയ്യുകയും)എന്നു പറഞ്ഞ അവന്റെ വാഗ ദത്തം നിറവേറ്റുകയുണ്ടായി.അൽവസിയ്യത്ത്, റൂഹാനീ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 09 September 2021 Issue-36

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ഖസാഇൻ വാള്യം 20, പേജ് 304 - 305)

അസീസം ഫാരിസ് അഹ്മദ്, ത്വലാൽ അഹ്മദ്, ഹാശിം ഇശ്തിയാഖ്, മഗ്ഫൂർ അഹ്മദ് എന്നിവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബി ഖസീദയിൽനിന്നുള്ള അഞ്ചു വരികൾ ആലപിച്ചു.

**പ്രസന്റേഷൻ**

തുടർന്ന് ഡോക്ടർ ത്വൽഹ റശീദ് സാഹിബ് ഒരു പ്രസന്റേഷൻ നടത്തി.

ഡീ എൻ എയിൽ ഒരു നിസ്സാരമാറ്റംപോലും ഒരു നിഷ്ക്രിയ പ്രോട്ടീൻ സൃഷ്ടിക്കുന്ന ഉറവിടം ജന്മമെടുക്കുന്നതിന് കാരണമാകാം. ചില ഗുരുതര ദുഷ്ഫലങ്ങളും ഇതു കാരണത്താൽ ഉണ്ടാകാം. കാരണം, ഇതിന് പ്രോട്ടീൻ സെല്ലിനുള്ളിൽ തന്റേതായ പങ്ക് നിർവഹിക്കാൻ കഴിയില്ല. 2008 - ൽ കുട്ടികളുടെ ഡീ എൻ എയിൽ ഒരു മാറ്റം കണ്ടെത്തുകയുണ്ടായി.പേശികളുടെ രോഗമായ റാബ്ഡോ മിയോലൈസിസിലേക്ക് (ഞവമയറീ്യീഹ്യശെ) നയിക്കുന്ന മാറ്റമായിരുന്നു ഇത്.ഈ രോഗം പേശികളിൽ ന്യൂനത സൃഷ്ടിക്കാൻ കാരണമാകുന്നു. ഇത് വളരെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന അവസ്ഥയാണ്. കാരണം, പേശികളുടെ പ്രവർത്തനക്ഷമമല്ലാത്ത പ്രോട്ടീനിന്റെ സൂചിതമായ വൈകല്യം രക്തത്തിൽ ചേരാൻ കാരണമാകുന്നു.ഇത്തരത്തിലുള്ള ഘടകങ്ങളുടെ അസ്തിത്വം ഹൃദയത്തേയും കിഡ്നിയേയും ബാധിക്കുന്നു. ഹൃദയസ്തംഭനത്തിനോ കിഡ്നിയുടെ നിഷ്ക്രിയത്വത്തിനോ കാരണമാകുന്നു. പേശികൾക്ക് വരുന്ന ഈ വൈകല്യം ശക്തമാകുമ്പോൾ രോഗിയുടെ മരണത്തിനും കാരണമാകാവുന്നതാണ്. റാബ്ഡോ മയോലൈസിസ് എന്ന രോഗം ഇൻഫംഗ്ഷൻ, മയക്കുമരുന്നിന്റെ ഉപയോഗം, പനി, നീണ്ട വ്രതം, അല്ലെങ്കിൽ ജീനുകളിലുള്ള മാറ്റങ്ങൾ പോലെയുള്ളവ കാരണത്താൽ ഉണ്ടാകാവുന്നതാണ്. അടിസ്ഥാനപരമായി ഈ അംശങ്ങളെല്ലാം മനുഷ്യശരീരത്തിൽ നിലനില്ക്കുന്ന എൽ പി ഐ എൻ1 (**LPIN 1**) എന്ന ജീനിനെ ബാധിക്കുകയും അതു കാരണത്താൽ രോഗം ജന്മമെടുക്കുകയും ചെയ്യുന്നു. പാരീസിലെ ഹോസ്പിറ്റലുകളിലിൽ കൊണ്ടു വന്ന ചില കുട്ടികളുടെ **LPIN 1** ജീനിൽ ഈ രോഗത്തിന്റെ ആക്രമണം വളരെ ശക്തമായിരുന്നു. ഇത് 6 വയസ്സിനും താഴെയുള്ള കുട്ടികളെയാണ് കൂടുതൽ ബാധിച്ചത്. ഒരു സുപ്രധാന മസിലിൽ വൈകല്യം ഉണ്ടായിരിക്കുന്ന കാരണത്താൽ 30 ശതമാനം കേസുകളിൽ കുട്ടികൾക്ക് മരണം സംഭവിച്ചു. ഈ രോഗം **LPIN 1** എന്ന ജീനിനെ എങ്ങനെയാണ് ബാധിച്ചതെന്ന് മനസ്സിലാക്കാൻ മെഡിക്കൽ ടീം അശക്തരായിരുന്നു. ഒരു സവിശേഷമായ കൊഴുപ്പുണ്ടായി വരികയും രക്തത്തിന്റെ കണികകളിൽ പ്രവേശിച്ച് പേശിയെ ബാധിക്കുകയുമാണ് ഇവിടെ ഉണ്ടായത്. കണികകളിൽ കൊഴുപ്പ് ഉണ്ടാക്കുന്ന ഉറവിടത്തില് **LPIN 1**ഉം ഭാഗമായിരുന്നു. അത് ഈ കണികകൾ മുഖേന ശക്തിയായി പരിവർത്തനപ്പെടുന്നു.

(തുടരും)

**www.alislam.org**

Al Islam - Official website of Ahmadiyya Muslim Community

**പേജ് 6 ൽ നിന്ന്**

താണ്. പിന്നീട് അവരുടെ താൽപര്യമനുസരിച്ച്, അവരുടെ ചോദ്യങ്ങളനുസരിച്ച് നിങ്ങളുടെ പക്കൽ ലിറ്ററേച്ചറുകളുമുണ്ടായിരിക്കണം. വ്യക്തിപരമായി നിങ്ങൾക്ക് ബന്ധമുണ്ടാകാത്തിടത്തോളം, ഓരോരുത്തരേയും വെവ്വേറെ തിരിച്ചറിയാത്തിടത്തോളം അഹ്മദിയ്യത്ത് എന്തുവസ്തുവാണെന്നും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം എന്താണെന്നും ജനങ്ങൾക്ക് അറിയാൻ കഴിയുകയില്ല. നിങ്ങൾ വിതരണം ചെയ്യുന്ന നോട്ടീസുകളും ലഘുലേഖകൾ തുടങ്ങിയവയുമുണ്ടല്ലോ, നിങ്ങളുടെ മുറബ്ബി സാഹിബിന്റെ റിപ്പോർട്ടുകളിലും ഞങ്ങൾ ഇത്രലക്ഷം വിതരണം ചെയ്തുവെന്ന് വരാറുണ്ട്. എന്നാൽ, ഇത്രലക്ഷം വിതരണം ചെയ്തതിനുശേഷവും ആളുകൾക്ക് ജമാഅത്ത് എന്താണെന്ന് അറിയില്ല. ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റുധാരണകൾ അകറ്റുന്നതിന് ഇതുസംബന്ധമായും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഖുർആൻ കത്തിക്കുമെന്ന് പറഞ്ഞ് ഒരാൾ എഴുന്നേല്ക്കുന്നു. പോലീസ് അതിന് അയാളെ അനുവദിച്ചില്ലെന്നത് ശരിതന്നെ. പക്ഷേ, അതിനോടൊപ്പം അപ്പീൽ കൊടുക്കാനുള്ള അവകാശവും നല്കി. അയാളുടെ ചില അനുയായികൾ അല്ലെങ്കിൽ സംഘത്തിലെ അംഗങ്ങൾ ഇന്നലെ രാത്രി പാർക്കിൽ വന്ന് കത്തിച്ചു. ഇതെന്തുകൊണ്ടാണുണ്ടാകുന്നത്? ഇതുണ്ടാകുന്നത് ഇസ്‌ലാമികാധ്യാപനം എന്താണെന്ന് അവർക്ക് അറിയാത്തതുകൊണ്ടാണ്. മുസ്‌ലിമീങ്ങളുടെ ഭീകരവാദപരമായ പ്രവർത്തനം കണ്ട് ഒരുപക്ഷേ, അങ്ങനെ ഖുർആനിൽ ഉണ്ടാകുമെന്ന് അവർ തെറ്റു ധരിക്കുന്നു. വധിക്കുക അല്ലെങ്കിൽ യുദ്ധം ചെയ്യുക എന്ന് പറഞ്ഞ് അവർ ഒരു ആയത്ത് പൊക്കിപിടിക്കുന്നു, പക്ഷേ, യുദ്ധത്തിന്റെ നിബന്ധനകൾ അല്ലെങ്കിൽ മറ്റു ധാർമികപരമായ അധ്യാപനങ്ങളെ നോക്കിയതുമില്ല. ഇക്കാര്യങ്ങൾ അവർ അറിയേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലും നിങ്ങൾ തബ്‌ലീഗിന്റെ പ്ലാൻ ഉണ്ടാക്കുക.

◑ നാഷണൽ സെക്രട്ടറി വഖ്ഫെ നൗഇന് നിർദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: നമുക്ക് ഡോക്ടർമാർ വേണം എഞ്ചിനിയർമാർ വേണം എന്നു പറഞ്ഞ് അവർക്ക് ആശയും ആത്മവിശ്വാസവും നല്കുക എന്നതാണ് യഥാർഥകാര്യം. ഈ ഫീൽഡുകളിൽ കൂടുതൽ പ്രോത്സാഹനമുണ്ടാകണം. ജാമിആയിൽ പഠിക്കുന്നവരിൽ വെറും രണ്ടു കുട്ടികളാണ് സ്വീഡൻകാരായിട്ടുള്ളത്. അതും ഒരു കുടുംബത്തിൽ പെട്ടവരാണ്. മറ്റു കുടുംബങ്ങളുടെ ശ്രദ്ധയും ക്ഷണിക്കുക.

**ഹുദൂർ പറഞ്ഞു**: ആർക്കാണോ ഞാൻ അനുവാദം നല്കുന്നത്, സ്വന്തം ജോലി ചെയ്യുന്നതിനോടൊപ്പം കൂടുതൽ സമയം ജമാഅത്തിനുവേണ്ടി സേവനം ചെയ്യാൻ ചെലവഴിക്കാനും അവരുടു പറയാറുണ്ട്. സന്നദ്ധസേവനം ചെയ്തുകൊണ്ടിരിക്കുക. എല്ലാ ആഴ്ചയുടേയും അവസാനത്തെ ദിവസം ജമാഅത്തിനു കൊടുക്കുക. ഒട്ടും ജോലി ചെയ്യാത്തവരുടേയും ഭൗതികതയിൽ മുങ്ങിയവരുടേയും വിവരം, അവരിൽനിന്ന് വഖ്ഫെ നൗ എന്ന ടൈറ്റിൽ അവസാനിപ്പിക്കാൻ കേന്ദ്രത്തെ അറിയിക്കുക! നമുക്ക് ടൈറ്റിൽ വെക്കണ്ട. എണ്ണം വർധിപ്പിച്ച് നമ്മൾ എന്തു ചെയ്യാനാണ്? വഖ്ഫെ നൗ എന്നു പറയുന്നത്, മറ്റുജോലികൾ ചെയ്യാൻ നാം അവർക്ക് അനുവാദം നല്കിയാലും അവർ ഭൗതിക ജോലി ചെയ്യുന്നതിനോടൊപ്പം വഖ്ഫിന്റെ ആത്മാവോടുകൂടി തന്നത്താൻ സന്നദ്ധസേവകനെന്ന നിലയിൽ സമർപിക്കുക എന്നതാണ്. ദീനിന്റെ സേവനം ചെയ്യുന്ന ധാരാളമാളുകളുണ്ട്; എന്നാൽ, അവർ വഖ്ഫല്ല. അവരിൽ ദീനിന്റെ സേവനത്തിന് എങ്ങനെയുള്ള വികാരമാണുള്ളതെന്നാൽ 24 മണിക്കൂറും ദീനിന് നല്കിയിരിക്കുന്നുവെന്ന് തോന്നിപ്പോകുന്നു.

മീറ്റിംഗിന്റെ കാര്യം വന്നപ്പോൾ ഹുദൂർ പറഞ്ഞു: മറ്റു ജോലി ചെയ്യുന്നവരുമായും മീറ്റിംഗ് ചേരുക. അവരോടു പറയുക, നിങ്ങൾ വഖ്ഫെ നൗആണ്. ജമാഅത്തിന് സമയം നല്കുക. ഒന്നുമില്ലെങ്കിൽ വീക്ക് എന്റിൽ തബ്‌ലീഗിന് സമയം നല്കുക. പോയി സാഹിത്യങ്ങൾ വിതരണം ചെയ്യുക. ലഘുലേഖകൾ വിതരണം ചെയ്യുക. ബുക്സ്റ്റാളുകളിടുക. Ask a Muslim എന്ന പരിപാടിയിൽ പങ്കെടുക്കുക. വാഖ്ഫാത്തെ നൗ കൂടാതെതന്നെ ഒരുപാട് വാഖ്ഫീനെ നൗ ഉണ്ട്. ഇവരെ എല്ലാവരേയും പരിപാടികളിൽ പങ്കെടുപ്പിക്കുക.(തുടരും) *(റിപ്പോർട്ട്: അബ്ദുൽ മാജീദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ, ഇസ്‌ലാമാബാദ് യു.കെ)*

(അഖ്ബാർ അൽഫള്ൽ ഇന്റർനാഷണൽ 30 - 10 - 2020)

...☆...☆☆...☆...

**പേജ് 1 ൽ നിന്ന്**

യൊരു പോയന്റാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. അതെന്താണെന്നാൽ മലക്കുകളുടെ വചനം മനുഷ്യന്റെ മനസ്സിനനുസരിച്ചാണുണ്ടാകുന്നത്. എങ്ങനെയാണോ മനുഷ്യനുള്ളത് അതനുസരിച്ചായിരിക്കും അവന് ഇൽഹാമുണ്ടാകുന്നത്. പൊതുവെ ആളുകൾ മനസ്സിലാക്കിയിട്ടുള്ളത് ഇൽഹാമുണ്ടായാൽ തങ്ങൾ എന്തോ വലിയ ആളുകളായെന്നാണ്. വാസ്തവത്തിൽ ഇതു മതിയായതല്ല. കാരണം ഇൽഹാം മനുഷ്യന്റെ പ്രകൃതിയനുസരിച്ചാണുണ്ടാകുന്നത്. ഖാദിയാനിൽ ഒരു മലനിവാസി തൊഴിലിനുമറ്റുമായി വരാറുണ്ടായിരുന്നു. അയാൾ പൊതുവെ ഞങ്ങളുടെ വീട്ടിൽത്തന്നെയാണ് പണിയെടുക്കാറുള്ളത്. ചില നേരത്ത് എന്തെങ്കിലും ജോലി ചെയ്യാൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന്റെ അടുത്ത് പോകാറുണ്ടായിരുന്നു. അപ്പോൾ ഖലീഫത്തുൽമസീഹ് അയാളോടു നമസ്കരിക്കാൻ പറയുമായിരുന്നു. അപ്പോൾ അയാൾ പറയും **നമാസ് സാനൂപജ്ദീ നേ** (നമസ്കാരം നമുക്ക് ചേർന്നതല്ല). യാദൃച്ഛികമായി ഒരു ദിവസം അവിടന്ന് അയാൾ മസ്ജിദിൽ നമസ്കരിക്കുന്നത് കണ്ടു. ഒഴിവു സമയത്ത് ചോദിച്ചു: 'എന്തു പറ്റി?' അയാൾ പറഞ്ഞു: ഇന്ന് എനിക്ക് ഇൽഹമുണ്ടായി.**ഉറ് ഓയോ സുവറാ നമാസ് പഢ്.** 'സുഅ്റേ! എഴുന്നേറ്റു നമസ്കരിക്കുക.' അതുകൊണ്ട് ഞാൻ നമസ്കരിക്കാൻ തുടങ്ങി. ഈ ഇൽഹാം ശയ്ത്വാനിൽനിന്നുണ്ടാകുക അസംഭാവ്യമാണെന്നത് പ്രകടമാണ്. ഇതു തീർച്ചയായും അല്ലാഹുവിൽനിന്നുള്ള ഇൽഹാമാണ്. എന്നാൽ, അത് അയാളുടെ ദർജ അനുസരിച്ചായിരുന്നു. ഇൽഹാമിനെ മാത്രമല്ല നോക്കുന്നത്. മറിച്ച് ആ ഇൽഹാമിൽ അല്ലാഹുവിൽനിന്ന് സ്നേഹത്തിന്റെ എന്ത് പ്രകടനമാണുണ്ടാകുന്നതെന്ന് നോക്കുന്നതായിരിക്കും. അല്ലെങ്കിൽ ആ ദാസന്റെ മാഹാത്മ്യത്തിന്റെ പ്രകടനത്തിന്റെ എന്തെങ്കിലും ചിത്രമുണ്ടോ എന്ന് നോക്കുന്നതായിരിക്കും.

ഈ ആയത്തിൽനിന്ന് ഒരു പൊതുവായ നിയമത്തെ കുറിച്ചും അറിയാൻ കഴിയുന്നു. മലക്കുകൾ സത്യമായും ഇറങ്ങാറുണ്ടെന്നതാണത്. ഇതിൽ മുഅ്മിനീങ്ങളിൽ നിസ്സാരരും ഉയർന്നവരും ദൈവനിയോഗിതരുമെല്ലാം പെടുന്നു. ഇപ്രകാരംതന്നെ നബിമാരിൽ സ്ഥാനവ്യത്യാസങ്ങൾ കാണാം. എപ്രകാരമാണോ സക്രിയ്യ, ഇൽയാസ്, യൂസുഫ് (അ) തുടങ്ങിയവർ നബിയെന്ന് പറയപ്പെട്ടിരുന്നത് അപ്രകാരമാണ് ഹദ്റത്ത് ഖാത്തമുന്നബിയ്യീൻ(സ)നും നബിയെന്ന് പറയപ്പെട്ടിരുന്നത്. അതുകൊണ്ട് എപ്രകാരം പേരിന്റെ പങ്കാളിത്വം എല്ലവരേയും ഒരുപോലെ ആക്കുന്നില്ലയോ എല്ലാവരുടേയും വഹ്‌യിനെ വഹ്‌യ് എന്നുപറയുന്നതുകൊണ്ടും ഒരുപോലെ ആകുകയില്ല. ഓരോ നബിയുടേയും വഹ്‌യ് അവരുടെ തേജോവിലാസമനുസരിച്ചായിരിക്കും. ഈ വസ്തുത മുന്നിൽ വെക്കുകയാണെങ്കിൽ തൗറാത്ത്, ഇഞ്ചീൽ,സബൂർ തുടങ്ങിയവ എന്തുകൊണ്ട് വിശുദ്ധ ഖുർആനിനെപ്പോലെ അതുല്യമാകുന്നില്ല? എന്ന ചോദ്യത്തിനും പരിഹാരമാകുന്നതായിരിക്കും. ഏതൊരു നബിമാരിലാണോ ആ ഗ്രന്ഥങ്ങളിറങ്ങിയത് അവരുടെ തേജോവിലാസമനുസരിച്ച് അവരിൽ അല്ലാഹു ബർക്കത്ത് വെച്ചു. അല്ലാഹു വിവിധ ദർജകളിലുള്ള ജോലികൾ വിവിധ നബിമാരെ ചുമതലപ്പെടുത്തുമ്പോൾ എല്ലാവർക്കും ഒരുപോലെയുള്ള സാധനസാമഗ്രികൾ നില്കുക എന്നത് എങ്ങനെ ശരിയാകാനാണ്. എന്തായാലും ജോലിക്കനുസൃതമായാണ് അവൻ സാധനസാമഗ്രികൾ നില്കുന്നത്. ജോലിയനുസരിച്ചാണ് അവൻ ഉദ്യോഗസ്ഥരേയും നിശ്ചയിക്കേണ്ടിയിരുന്നത്. *(തഫ്സീറെ കബീർ വാള്യം 5, പേജ്13, ഖാദിയാൻ പ്രസിദ്ധീകരണം 2010)*

...☆...☆☆...☆...

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin